"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ



| *Vol. XXXVI* | *2008 November* | *No. 11* |
|---|---|---|
| വാർഷിക വരിസംഖ്യ 120 രൂപ, | | ഒറ്റപ്രതി 10 രൂപ |

# ഉള്ളടക്കം


നാൽപ്പത്തിരണ്ടാം ലോകസമ്പർക്ക മാധ്യമദിനം......... 835
രൂപതാ കച്ചേരി വാർത്തകൾ.................................... 841
റീജിയണൽ വാർത്തകൾ ........................................... 844
ദൈവവചനവർഷം .................................................. 848
മതബോധനരംഗം ..................................................... 851
ചെറുപുഷ്പമിഷൻലീഗ് ............................................. 854
കെ. സി. വൈ. എം. ................................................. 869
കുടുംബപ്രേഷിതത്വം ................................................ 878
സിയോൻ വാർത്തകൾ............................................... 879
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 883
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി .......................... 885
സാമൂഹ്യസേവന രംഗം ............................................... 887
ജയിൽ മിനിസ്ട്രി ......................................................... 890
അറിയിപ്പുകൾ ............................................................. 891
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 897
ബിഷപ്സ് പ്രോഗ്രാം .................................................... 898

# നാല്പത്തിരണ്ടാം ലോകസമ്പർക്ക മാധ്യമദിനം

**2008 നവംബർ 16**

**പരിശുദ്ധപിതാവ് ബെനഡിക്ട് 16–ാമൻ നൽകുന്ന സന്ദേശം**

പ്രിയ സഹോദരീ സഹോദരന്മാരേ,

ഈ വർഷത്തെ ലോകസമ്പർക്കദിനത്തിന്റെ പ്രമേയം "മാധ്യമങ്ങൾ സ്വയം സമുദ്ധാരണത്തിന്റെയും സേവനത്തിന്റെയും വഴിക്കവലകളിൽ: മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിന് സത്യത്തെ അന്വേഷിക്കാൻ" എന്നതാണ്. ഇത് വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവിതത്തിൽ മാധ്യമങ്ങൾക്കുള്ള സുപ്രധാന ധർമ്മത്തിന്മേൽ വെളിച്ചം വീശുന്നുണ്ട്. യഥാർത്ഥത്തിൽ ഇന്ന്, പ്രത്യേകിച്ച് ആഗോളീകരണമെന്ന വിപുലമായ പ്രതിഭാസമുള്ള ഇക്കാലത്ത് മാധ്യമങ്ങൾ മനുഷ്യാനുഭവത്തിന്റെ സകലമണ്ഡലങ്ങളുടെയും അവിഭാജ്യഘടകമായി കഴിഞ്ഞിട്ടുണ്ട്. അവ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളുടെയും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും മതാത്മകവുമായ വികസനങ്ങളുടെയും ഒരവശ്യഭാഗമായി തീർന്നിരിക്കുന്നു. ഈ വർഷത്തെ ലോകസമാധാനത്തിനുള്ള എന്റെ സന്ദേശത്തിൽ (1 ജനുവരി 2008) ഞാൻ പറഞ്ഞിട്ടുള്ളതുപോലെ സാമൂഹികസമ്പർക്കമാധ്യമങ്ങൾക്ക്, പ്രത്യേകിച്ച് വിദ്യാഭ്യാസപരമായ അവയുടെ കഴിവുമൂലം, സവിശേഷമായ ഒരു ഉത്തരവാദിത്വമുണ്ട്. കുടുംബത്തോടുള്ള ആദരവ് വർദ്ധിപ്പിക്കാൻ, അതിന്റെ പ്രതീക്ഷകളെയും അവകാശങ്ങളെയും വ്യക്തമാക്കിക്കൊണ്ടും അതിന്റെ മുഴുവൻ സൗന്ദര്യവും അവതരിപ്പിച്ചുകൊണ്ടും അങ്ങനെ ചെയ്യാൻ ഉത്തരവാദിത്വമുണ്ട്. (No.5)

2. മാധ്യമങ്ങൾ അവയുടെ ഉജ്ജ്വലമായ സാങ്കേതിക പരിണാമം വഴി അസാധാരണമായ കഴിവ് സമ്പാദിച്ചിരിക്കുന്നു. അതേസമയം ഇന്നോളം സങ്കല്പിക്കാനാവാതിരുന്ന പുതിയ ചോദ്യങ്ങളും പ്രശ്നങ്ങളും അവ ഉയർത്തുന്നുമുണ്ട്. വാർത്തകൾ വിതരണം ചെയ്യാനും യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള ഈ അറിവ് വ്യാപിപ്പിക്കാനും വിവരങ്ങൾ കൈമാറാനും അവ നൽകുന്ന സംഭാവന

ആരും നിഷേധിക്കുന്നില്ല. അവ പല കാര്യങ്ങളിലും നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ഉദാഹരണമായി അക്ഷരജ്ഞാനവും സമൂഹവത്കരണവും വ്യാപിപ്പിക്കാനും ജനായത്തഭരണ സമ്പ്രദായം വികസിപ്പിക്കാനും ജനതകൾ തമ്മിലുള്ള സംവാദം വളർത്താനും അവ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. രാഷ്ട്രങ്ങൾ തമ്മിലുള്ള ധാരണ പോഷിപ്പിക്കാനും ശക്തിപ്പെടുത്താനും ലോകത്തിലെങ്ങും സമാധാനസംഭാഷണങ്ങൾക്ക് ജീവൻ നൽകാനും വിവരങ്ങൾ ലഭിക്കുകയെന്ന പ്രാഥമിക നന്മ ഉറപ്പുവരുത്താനും അവയുടെ സഹായമില്ലായിരുന്നാൽ വളരെ പ്രയാസപ്പെടേണ്ടിവരുമായിരുന്നു. ആശയങ്ങളെ, പ്രത്യേകിച്ച് ഐക്യദാർഢ്യത്തിന്റെയും സാമൂഹിക നീതിയുടെയും ആദർശങ്ങളെ സ്വതന്ത്രമായി വ്യാപിപ്പിക്കുകയെന്ന കാര്യം ഉറപ്പുവരുത്തുന്നതിനെ സംബന്ധിച്ചും ഇതു ശരിയാണ്. യഥാർത്ഥത്തിൽ മാധ്യമങ്ങൾ, ആകപ്പാടെ നോക്കുമ്പോൾ ആശയങ്ങൾ വിതരണം ചെയ്യാനുള്ള വാഹനങ്ങൾ മാത്രമല്ല, കൂടുതൽ നീതിയും ദൃഢൈക്യവുമുള്ള ഒരു ലോകത്തിനു സേവനം ചെയ്യാനുള്ള ഉപകരണങ്ങൾ കൂടിയാണ്. അവ അങ്ങനെ ആയിരിക്കുകയും വേണം. നിർഭാഗ്യവശാൽ, പ്രബലരായ നിക്ഷിപ്ത താത്പര്യക്കാർ കൽപിച്ചു നൽകുന്ന അജണ്ടകൾക്ക് മനുഷ്യവംശത്തെ വിധേയരാക്കാനുള്ള ഉപകരണങ്ങളായി അവയെ മാറ്റുകയെന്ന അപകടസാധ്യത ഇന്നുണ്ട്. പ്രത്യശാസ്ത്രപരമായ ലക്ഷ്യങ്ങൾക്കായി മാധ്യമങ്ങൾ ഉപയോഗിക്കുമ്പോഴും ഉപഭോഗപരമായ ഉത്പന്നങ്ങളുടെ ആക്രമണപരമായ പരസ്യങ്ങൾക്കായി ഉപയോഗിക്കുമ്പോഴും ഇതു സംഭവിക്കുന്നു. യാഥാർത്ഥ്യങ്ങൾ അവതരിപ്പിക്കുകയാണെന്ന് അവകാശപ്പെട്ടുകൊണ്ട്, വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ ജീവിതത്തിന്റെ തലതിരിഞ്ഞ മാതൃകകളെ നിയമാനുസൃതമാക്കി പ്രദർശിപ്പിക്കാനും അവയെ അടിച്ചേൽപ്പിക്കാനുള്ള പ്രവണത കാണിക്കുമ്പോഴും അത് സംഭവിക്കുന്നുണ്ട്. കൂടാതെ, ശ്രോതാക്കളെ ആകർഷിക്കാനും ശ്രോതാക്കളുടെ സംഖ്യ വർദ്ധിപ്പിക്കാനും വേണ്ടി അശ്ലീലവും അക്രമവും പ്രദർശിപ്പിക്കുകയോ അതിരുകടക്കുകയോ ചെയ്യുമ്പോഴും അങ്ങനെ തന്നെ സംഭവിക്കുന്നു. സമ്പന്നരാഷ്ട്രങ്ങളും ദരിദ്രരാഷ്ട്രങ്ങളും തമ്മിലുള്ള സാങ്കേതിക വ്യത്യാസം കുറയ്ക്കുന്നതിനു പകരം അത് വർദ്ധിപ്പിക്കാൻ കാരണമാകുന്ന വികസനമാതൃകകളെ അവതരിപ്പിക്കുകയും പിന്താങ്ങുകയും ചെയ്യാൻ മാധ്യമങ്ങൾക്കു കഴിയുന്നു.

3. മനുഷ്യവംശം ഇന്ന് ഈ വഴിക്കവലകളിലാണ്. *പ്രത്യാശയിൽ രക്ഷ* (Spe Salvi) എന്ന ചാക്രികലേഖനത്തിൽ പുരോഗതിയുടെ സംശയസ്ഥിതിയെപ്പറ്റി ഞാൻ എഴുതിയത് മാധ്യമങ്ങളെക്കുറിച്ചു പറയാവുന്നതാണ്. പുരോഗതി നന്മയ്ക്കുള്ള പുതിയ സാധ്യതകൾ നൽകുന്നുണ്ട്. അതേ സമയം മുൻകാലത്ത് ഇല്ലാതിരുന്ന തിന്മയുടെ ഭിതിജനകമായ സാധ്യതകൾ തുറക്കുകയും ചെയ്യുന്നു. (cf No:22) അതുകൊണ്ട് നാം ഇപ്രകാരം ചോദിക്കണം: സാമൂഹികസമ്പർക്കമാധ്യമങ്ങളെ വിവേചനാരഹിതമായ "സ്വയം സമുദ്ധാരണത്തിന്" (self promotion) വേണ്ടി ചൂഷണം ചെയ്യുവാൻ അനുവദിക്കുന്നത് ബുദ്ധിപൂർവ്വകമാണോ? അല്ലെങ്കിൽ, മനസ്സാക്ഷിയെ ദുരുപയോഗിക്കാൻ പ്രയോഗിക്കുന്നവരുടെ കൈകളിൽ അവ ചെന്നവസാനിക്കാൻ അനുവദിക്കുന്നത് ബുദ്ധിപൂർവകമാണോ? അവ വ്യക്തിയുടെയും പൊതു നന്മയുടെയും സേവനത്തിൽ നിലകൊള്ളുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയെന്നത് ഒരു മുൻഗണനയായിരിക്കേണ്ടതല്ലേ? മനുഷ്യന്റെ ധാർമ്മിക പരിശീലനത്തിനും മനുഷ്യന്റെ ആന്തരിക വളർച്ചയ്ക്കും അവ പോഷണം നൽകുന്നുണ്ടെന്ന് ഉറപ്പു വരുകയെന്നതല്ലേ മുൻഗണനയർഹിക്കുന്നകാര്യം? വ്യക്തികളുടെ ജീവിതത്തിലും സമൂഹത്തിലും അവയ്ക്ക് അസാധാരണമായ സ്വാധീന ശക്തിയുണ്ടെന്നത് വ്യാപകമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്നാലിന്ന് മൗലികമായ ഒരു മാറ്റത്തിന് ഊന്നൽ നൽകുക അത്യാവശ്യമാണ്. ഇന്ന് അവ വിധേയമായിക്കൊണ്ടിരിക്കുന്ന പ്രവർത്തനരീതിയുടെ പൂർണ്ണമായ മാറ്റമുണ്ടാകണമെന്നു തന്നെ പറയാം. യാഥാർത്ഥ്യത്തെ ചിത്രീകരിക്കുന്നുവെന്നുമാത്രമല്ല സമ്പർക്ക മാധ്യമങ്ങൾ ഇന്ന് കൂടുതൽ കൂടുതലായി അവകാശപ്പെടുന്നത്. പിന്നെയോ നിർദ്ദേശങ്ങൾ നൽകാൻ അവയ്ക്കുള്ള ശക്തിമൂലം ഏതാണ് യാഥാർത്ഥ്യമെന്ന് നിശ്ചയിക്കുവെന്നും അവകാശപ്പെടുന്നുണ്ട്. ഉദാഹരണമായി ചില സാഹചര്യങ്ങളിൽ വിവരങ്ങൾ നൽകുകയെന്ന യഥാർത്ഥ ലക്ഷ്യത്തിനുവേണ്ടിയല്ല മാധ്യമങ്ങൾ ഉപയോഗിക്കുന്നത്. പിന്നെയോ സംഭവങ്ങളെ "സൃഷ്ടിക്കാനാണ്". അവയുടെ പ്രവർത്തനത്തിലുള്ള അപകടകരമായ ഈ മാറ്റം അനേകം സഭാനേതാക്കന്മാർ ഉത്കണ്ഠയോടെ ശ്രദ്ധിച്ചിട്ടുണ്ട്. മനുഷ്യജീവിതത്തിന്റെ ധാർമ്മികവും ബുദ്ധിപരവും മതാത്മകവും വൈകാരികവും സാംസ്കാരികവുമായ എല്ലാ മാനങ്ങളെയും ആഴത്തിൽ സ്വാധീനിക്കുന്ന യാഥാർത്ഥ്യങ്ങളെയാണ് നാം കൈകാര്യം ചെയ്യുന്നത്. അവയിൽ

വ്യക്തിയുടെ നന്മ അപകടസാധ്യതയിലാണ്. അതുകൊണ്ട്, സാങ്കേതികമായി സാധ്യമായതെല്ലാം ധാർമ്മികമായി അനുവദനീയമല്ലെന്ന് നാം ഊന്നിപ്പറയേണ്ടിയിരിക്കുന്നു. അങ്ങിനെ ആധുനിക ജീവിതത്തിൻമേൽ സാമൂഹിക സമ്പർക്കമാധ്യമങ്ങൾക്കുള്ള സ്വാധീനം ഉപേക്ഷിക്കാനാവാത്ത ചോദ്യങ്ങൾ ഉണർത്തുന്നു. അതിന് തിരഞ്ഞെടുപ്പുകളും പരിഹാരങ്ങളും ആവശ്യമാണ്. അവ മറ്റൊരാളുടെ അഭിപ്രായത്തിന് വഴങ്ങിക്കൊടുക്കാനാവാത്തവയാണ്.

4. സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സമൂഹത്തിൽ നേടിയിരിക്കുന്ന പങ്ക് നരവംശ ശാസ്ത്രപരമായ ഒരു ചോദ്യത്തിന്റെ മൗലികഭാഗമായിത്തീർന്നിരിക്കുന്നു. ആ ചോദ്യം മൂന്നാം സഹസ്രാബ്ദത്തിന്റെ സുപ്രധാന വെല്ലുവിളിയായി ഉയർന്നുവരുന്നു. മനുഷ്യജീവിതം, വിവാഹം, കുടുംബം എന്നീ മണ്ഡലങ്ങളിലും സമാധാനത്തെയും നീതിയേയും സൃഷ്ടിയുടെ സംരക്ഷണത്തെയും സംബന്ധിച്ച വലിയ സമകാലീന പ്രശ്നങ്ങളിലും സംഭവിക്കുന്നതായി നാം കാണുന്നതുപോലെ തന്നെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ മേഖലകളിലും സംഭവിക്കുന്നു. ആ മേഖലകളിലും മനുഷ്യവ്യക്തിയുടെയും മനുഷ്യവ്യക്തിയെ സംബന്ധിച്ച സത്യത്തിന്റെയും അടിസ്ഥാനപരമായ മാനങ്ങൾ പ്രവർത്തന നിരതമായിട്ടുണ്ട്. മാധ്യമങ്ങൾ അവയുടെ ധാർമ്മിക പ്രാധാന്യം നഷ്ടപ്പെടുത്തുകയും സമൂഹത്തിന്റെ നിയന്ത്രണത്തിൽ നിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യുമ്പോൾ അവ മനുഷ്യവ്യക്തിയുടെ കേന്ദ്രീയതയെയും അലംഘ്യമായ മഹത്വത്തെയും ഒട്ടും പരിഗണിക്കാതാകും. അതിന്റെ ഫലമായി, ആളുകളുടെ മനസ്സാക്ഷിയിലും തിരഞ്ഞെടുപ്പുകളിലും നിഷേധാത്മകമായി സ്വാധീനം ചെലുത്തുകയെന്ന അപകടസ്ഥിതിയുണ്ടാകും. അവരുടെ സ്വാതന്ത്ര്യത്തെയും അവരുടെ ജീവിതത്തെതന്നെയും സുനിശ്ചിതമായി നിയന്ത്രിക്കും. ഇക്കാരണത്താൽ, സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ ഉത്സാഹപൂർവ്വം വ്യക്തിയെ പരിരക്ഷിക്കുകയും മനുഷ്യമഹത്വത്തെ ആദരിക്കുകയും വേണം. ഈ മണ്ഡലത്തിൽ, വിവരദാന-ധാർമ്മികത (ഇൻഫോ-എത്തിക്ക്സ്) ആവശ്യമായിരിക്കുന്ന അനേകം വ്യക്തികൾ ഇന്നുണ്ട്. ജീവനോട് ബന്ധപ്പെട്ട വൈദ്യശാസ്ത്രത്തിന്റെയും ശാസ്ത്രീയ ഗവേഷണത്തിന്റെയും മണ്ഡലത്തിലെ ജീവധർമ്മശാസ്ത്രം (ബയോഎത്തിക്ക്സ്) പോലൊരു ധാർമ്മികസിദ്ധാന്തമാണ് ആവശ്യമായിരിക്കുന്നത്.

5. സാമ്പത്തിക ഭൗതികവാദത്തിന്റെയും ആപേക്ഷികമായ ധാർമ്മികതയുടേയും വക്താക്കളാകുന്നതിൽനിന്ന് മാധ്യമങ്ങൾ ഒഴിഞ്ഞുമാറണം. അവ രണ്ടും നമ്മുടെ കാലഘട്ടത്തിലെ യഥാർത്ഥ കഠോരപീഡനങ്ങളാണ്. അവയുടെ വക്താക്കളാകുന്നതിനുപകരം മനുഷ്യവംശത്തെക്കുറിച്ചുള്ള സത്യം അറിയിക്കുന്നതിനും അതിനെ നിഷേധിക്കാനോ നശിപ്പിക്കാനോ പരിശ്രമിക്കുന്നവരിൽനിന്ന് അതിനെ രക്ഷിക്കാനും മാധ്യമങ്ങൾ സഹായിക്കണം. സാമൂഹിക സമ്പർക്കത്തിന്റെ ഏറ്റവും ഉന്നതമായ വിളി മനുഷ്യവംശത്തെക്കുറിച്ചുള്ള സത്യം അന്വേഷിക്കുകയും അവതരിപ്പിക്കുകയും ചെയ്യുകയെന്നതായിരിക്കണമെന്ന് പറയേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യത്തിനായി മാധ്യമങ്ങൾക്കുള്ള പരിഷ്കൃതവും പ്രവർത്തനാത്മകവുമായ അനേകം സാങ്കേതികവിദ്യകൾ ഉപയോഗിക്കണം. അത് ആവേശകരമായ പ്രയോഗമായിരിക്കും. ഈ മണ്ഡലത്തിൽ പ്രധാനമായി മാനേജർമാരെയും പ്രവർത്തകരെയും ഭരമേൽപിക്കപ്പെട്ട ജോലിയാണത്. എന്നാലും ഒരളവിൽ നമ്മെയെല്ലാം സംബന്ധിച്ചുള്ള ഒന്നാണ് ആ ദൗത്യം. കാരണം, ആഗോളീകരണത്തിന്റെ ഈ യുഗത്തിൽ നമ്മളെല്ലാവരും സാമൂഹിക സമ്പർക്കമാധ്യമങ്ങളുടെ ഉപഭോക്താക്കളും പ്രവർത്തകരുമാണ്. പുതിയ മാധ്യമങ്ങൾ - ടെലികമ്മ്യൂണിക്കേഷനും ഇന്റർനെറ്റും - സമ്പർക്കത്തിന്റെ മുഖഛായതന്നെ മാറ്റുകയാണിന്ന്. ഒരുപക്ഷേ, മനുഷ്യവ്യക്തിയെക്കുറിച്ചുള്ള സത്യത്തിന്റെ സാരാംശാപരവും അനുപേക്ഷണീയവുമായ ഘടകങ്ങളെ കൂടുതൽ ദൃശ്യമാക്കത്തക്കവിധം പുതിയരൂപം അതിന് നൽകാനുള്ള വിലപ്പെട്ട ഒരവസരമായിരിക്കും ഇത്. വന്ദ്യനായ എന്റെ മുൻഗാമി ജോൺപോൾ രണ്ടാമൻ *ധൃതഗതിയിലുള്ള വികസനം* (The Rapid Development) എന്ന അപ്പസ്തോലിക ലേഖനത്തിൽ (No:10) പറഞ്ഞതുപോലെതന്നെ.

6. മനുഷ്യൻ സത്യത്തിനായി ദാഹിക്കുന്നു. അവൻ സത്യം അന്വേഷിക്കുന്നു. ധാരാളം പ്രസിദ്ധീകരണങ്ങളും പ്രോഗ്രാമുകളും ഗുണമേന്മയുടെ സാങ്കല്പിക കഥകളും ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു എന്ന വസ്തുത ഇതിന് തെളിവാണ്. അവയിൽ വ്യക്തിയുടെ സൗന്ദര്യവും മഹത്വവും, മതാത്മകമാനവും ഉൾപ്പെടെ അംഗീകരിക്കുകയും അനുകൂലഭാവത്തോടെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. യേശു ഇങ്ങനെ പറഞ്ഞു: “നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും”

(യോഹ. 8:32) നമ്മെ സ്വതന്ത്രരാക്കുന്ന സത്യം ക്രിസ്തുവാണ്. കാരണം, ജീവനും സ്നേഹത്തിനും വേണ്ടി മനുഷ്യഹൃദയത്തിലുള്ള ദാഹം പൂർണ്ണമായി ശമിപ്പിക്കാൻ ക്രിസ്തുവിനേ കഴിയുകയുള്ളൂ. അവിടുത്തെ കണ്ടുമുട്ടി അവിടുത്തെ സന്ദേശം ആവേശത്തോടെ സ്വാഗതംചെയ്തവർ, ഈ സത്യം പങ്കുവയ്ക്കുവാനും പകർന്നുനൽകുവാനും ആഗ്രഹിക്കുന്നു. തടയപ്പെടാനാവാത്ത ഒരാഗ്രഹമാണത്. വി. യോഹന്നാൻ ശ്ലീഹ എഴുതുന്നതുപോലെ "ആദി മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു...... ഞങ്ങളുമായി നിങ്ങൾക്ക് കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇത് പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ പിതാവിനോടും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനോടുമാണ്. ഞങ്ങൾ ഇത് എഴുതുന്നത് ഞങ്ങളുടെ സന്തോഷം പൂർണ്ണമാകാനാണ്" (1 യോഹ. 1-3).

സത്യത്തെ സംബന്ധിച്ച് ധീരതയുള്ള സമ്പർക്ക പ്രവർത്തകരും യഥാർത്ഥ സാക്ഷികളുമുണ്ടാകാൻ പരിശുദ്ധാത്മാവിനോട് നമുക്ക് പ്രാർത്ഥിക്കാം. "സമ്പർക്കമാധ്യമങ്ങളുടെ യുഗത്തെ ഒറ്റപ്പെടലിന്റെയും ആശയക്കുഴപ്പത്തിന്റെയും കാലമായി സമീപിക്കാതെ, വ്യക്തികൾ തമ്മിലും ജനതകൾ തമ്മിലുമുള്ള സമ്പർക്കത്തെ വികസിപ്പിക്കാനുള്ള കാലമായി സമർപ്പണബുദ്ധിയോടെ സമീപിച്ചുകൊണ്ട് ആധുനിക സംസ്കാരത്തിന്റെ ആവശ്യങ്ങളെ വ്യാഖ്യാനിക്കുന്ന" (സമ്പർക്കത്തിനും സംസ്കാരത്തിനും വേണ്ടി പ്രവർത്തിക്കുന്നവരുടെ കോൺഫ്രൻസിൽ ജോൺപോൾ രണ്ടാമൻ നടത്തിയ പ്രഭാഷണം, 9 നവംബർ 2002) സമ്പർക്കമാധ്യമ പ്രവർത്തകരുണ്ടാകാൻ വേണ്ടി പ്രാർത്ഥിക്കാം.

ഈ ആശംസകളോടെ എല്ലാവർക്കും ഹൃദയപൂർവ്വകമായ ആശീർവാദം നൽകുന്നു.

വത്തിക്കാനിൽനിന്ന്, 24 ജനുവരി 2008, വി. ഫ്രാൻസീസ് ഡി സാലസിന്റെ തിരുന്നാൾദിനം.

**പോപ്പ് ബനഡിക്ട് XVI**

*NB:- പരി. പിതാവിന്റെ ഈ സന്ദേശം നവംബർ 16-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.*

# രൂപതാകച്ചേരി വാർത്തകൾ

**സമ്പർക്കമാധ്യമദിനം**

നവംബർ 16-ാം തീയതി ഞായറാഴ്ച നമ്മൾ സമ്പർക്ക മാധ്യമദിനമായി ആചരിക്കുകയാണ്. മാധ്യമ സ്വാധീനം ഏറെ വർദ്ധിക്കുകയും സത്യത്തിന് എന്നതിനേക്കാൾ ജിജ്ഞാസയ്ക്കും വൈകാരിക സംതൃപ്തിക്കും അമിതപ്രാധാന്യം കൽപ്പിക്കുകയും ചെയ്യുന്ന ഇന്നത്തെ മാധ്യമലോകത്ത് മാധ്യമങ്ങളെ വിവേകബുദ്ധിയോടുകൂടി വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. കാലോചിതമായ മാധ്യമബോധം നൽകാനും, നന്മയ്ക്കായി മാത്രം മാധ്യമങ്ങളെ ഉപയോഗിക്കാനും ഈ ദിനം സഹായകമാകട്ടെ. അന്ന് മാധ്യമാവബോധം വളർത്താൻ സഹായകമായ സെമിനാറുകൾ, ചർച്ചകൾ മുതലായവ ഇടവകകളിൽ സംഘടിപ്പിക്കുന്നത് നന്നായിരിക്കും. അതിലേയ്ക്ക് വെളിച്ചം വീശുന്ന ഒരു ലേഖനമാണ് നമ്മുടെ ജെയിസ് ചെട്ട്യാശ്ശേരി അച്ചൻ ഒക്ടോബർ മാസത്തെ ഡോൺ ബോസ്ക്കോ മാസികയിൽ "മാധ്യമങ്ങൾ ആഘോഷിച്ച ആത്മഹത്യ" എന്ന പേരിൽ എഴുതിയ ലേഖനം ബഹു. ജെയിസച്ചന് പ്രത്യേക അനുമോദനങ്ങൾ! കൂടാതെ, അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് ആ തുക രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

നവംബർ 12-ാം തീയതി നമ്മുടെ ബഹു. ജോസഫ് ചൂരയ്ക്കാമറ്റത്തിലച്ചന്റെ ചരമദിനമാണ് (12-11-1998).

## Young Prests Seminar

നവംബർ 24 ന് 7 p.m. മുതൽ 27 ന് ഉച്ചവരെയാണ് ഇക്കൊല്ലം യുവവൈദികർക്കുവേണ്ടിയുള്ള സെമിനാർ.

വിഷയം: Training in Animation and Organizational Skills with Life Skill Perspective

സെമിനാർ നയിക്കുന്നത് : റവ. ഫാ. ജോസ് തയ്യിൽ S.J. 2000 ഡിസംബറിൽ പട്ടം സ്വീകരിച്ചവർ തുടങ്ങിയുള്ള എല്ലാ യുവ വൈദികരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

## വചനവർഷ രൂപതാ കൺവെൻഷൻ

വചനവർഷ പരിപാടികളുടെ ഭാഗമായി നടത്തുന്ന രൂപതാ കൺവെൻഷൻ ഡിസംബർ 4, 5, 6, (വ്യാഴം, വെള്ളി, ശനി) തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ഓരോ ഇടവകയിൽനിന്നും പരമാവധി അംഗങ്ങളെ ഇതിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും, വചനവർഷ കമ്മിറ്റിക്കാരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആ ദിവസങ്ങളിൽ കുമ്പസാരം കുർബാനസ്വീകരണം എന്നിവയ്ക്ക് ബഹു. വൈദികരുടെ ആത്മാർത്ഥമായ സഹകരണവും കൺവെൻഷനിൽ ഉടനീള സാന്നിദ്ധ്യവും അഭ്യർത്ഥിക്കുന്നു.

## വി. അൽഫോൻസാമ്മയുടെ നാമകരണ തിരുനാൾ

2008 ഒക്ടോബർ 12-ാം തീയതി വി. അൽഫോൻസാമ്മയുടെ നാമകരണത്തിരുനാൾ നമ്മുടെ രൂപതയിലെ മിക്ക ഇടവകകളിലും തികഞ്ഞ ആദ്ധ്യാത്മിക ചൈതന്യത്തോടെ കൊണ്ടാടി. കൂടാതെ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഇടവകകൾ തോറും നടത്തിവരുന്ന വി. അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് പ്രയാണം വളരെ മനോഹരമായി നടക്കുന്നു. ഈ പരിപാടികൾക്കെല്ലാം നേതൃത്വം നൽകി വി. അൽഫോൻസാമ്മയുടെ മഹത്വം സമൂഹമദ്ധ്യത്തിൽ പ്രഘോഷിക്കാൻ ത്യാഗപൂർവ്വം പരിശ്രമിക്കുന്ന ഏവർക്കും ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ!

**മിഷനറീസ് ഓഫ് ലിറ്റിൽ ഫ്ളവർ (MLF)**
**മാനന്തവാടി രൂപതയിൽ**

1959-ൽ കൊല്ലം മെത്രാനായിരുന്ന അഭിവന്ദ്യ ജറോം എം. ഫെർണാണ്ടസ് പിതാവ് സ്ഥാപിച്ചതാണ് ഈ സഭ. രോഗീ ശുശ്രൂഷാരംഗത്തും, ഇടവക പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീ കരിച്ചിരിക്കുന്ന ഈ സിസ്റ്റേഴ്സിന്റെ സേവനം മാനന്തവാടി രൂപതയിലെ യവനാർകുളത്തും ആരംഭിച്ചിരിക്കുകയാണ്. ഇപ്പോൾ 4 സിസ്റ്റേഴ്സ് അവിടെ സേവനം ചെയ്തുവരുന്നു. MLF സിസ്റ്റേഴ്സിന് എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.


അഡ്രസ് :- Little Flower Convent
Yavanarkulam
Poroor - Wayanad P.O.
Thalapuzha - 670644
Phone : 04935 - 376040

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## കുടുംബ രജിസ്റ്റർ

വൈദികരുടെ വാർഷികധ്യാന അവസരത്തിൽ കുടുംബ രജിസ്റ്റർ ഓർഡർ ചെയ്തവർക്ക് അവ തയ്യാറാക്കിയിട്ടുണ്ട്. കുടുംബ രജിസ്റ്റർ ഓർഡർ ചെയ്തവർ ബിഷപ്സ് ഹൗസിൽ നിന്നും അവ വാങ്ങിക്കൊണ്ട് പോകണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ



# റീജിയണൽ വാർത്തകൾ

## എൻ. ആർ. പുര റീജിയൻ

മത തീവ്രവാദികളുടെ അക്രമത്തിനും, പീഡനത്തിനും ഇരയാകേണ്ടിവന്നതിൽ കർണ്ണാടകയിലെ ക്രൈസ്തവ സമൂഹം ദു:ഖിതരാണ്. എൻ.ആർ.പുര റീജിയനിലെ, സംഗമേശ്വരപേട്ട് ഇടവകയിൽ വി.കുർബാനയെ അവഹേളിക്കുകയും മറ്റ് പള്ളികൾക്കെല്ലാം പോലീസ് കാവൽ ഏർപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ എൻ.ആർ.പുര. എൽ.എഫ് പള്ളിയിൽവച്ച്, എല്ലാ ക്രൈസ്തവ സമൂഹങ്ങളുടെയും പ്രതിനിധി സമ്മേളനം നടത്തി. മാനന്തവാടി രൂപത വികാരി ജനറൽ, റവ.ഫാ. ജോർജ് മൂലയിൽ, മാനന്തവാടി രൂപത പ്രൊക്കുറേറ്റർ റവ. ഫാ. ഗർവ്വാസീസ് മറ്റം, ലത്തീൻ ഇടവകകളിലെ വൈദീകർ, യാക്കോബായ വൈദീകർ, റീജിയനിലെ എല്ലാ ഇടവകകളിലെയും വികാരിമാർ, സന്യാസ സമൂഹങ്ങളുടെ സുപ്പീരിയേഴ്സ്, കർണ്ണാടക കാത്തലിക് അസ്സോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. അക്രമങ്ങളെ സമാധാനപരമായി നേരിടണമെന്നും, പ്രകോപനപരമായ പ്രസ്താവനകളും പ്രവർത്തനങ്ങളും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും, നമ്മുടെ പള്ളികൾക്കെല്ലാം കാവൽ നിൽക്കാൻ വിശ്വാസികളും സഹകരിക്കണമെന്നും യോഗം ഓർമ്മിപ്പിച്ചു. ബന്ധപ്പെട്ട രാഷ്ട്രീയ അധികാരികൾക്ക് നിവേദനം സമർപ്പിക്കുവാനും, ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുവാനുമായി 20 പേരടങ്ങുന്ന ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്തു. ഈ കമ്മിറ്റി ലോക്കൽ എം.എൽ.എ. യെ കണ്ട് നിവേദനം സമർപ്പിച്ച്, തങ്ങൾ

സമാധാന കാംക്ഷികളാണെന്നും തങ്ങൾക്ക് സംരക്ഷണം നൽക ണമെന്നും ആവശ്യപ്പെട്ടു. ഒപ്പം തന്നെ എൽ. എഫ്. പള്ളിയിൽ വച്ച് പത്രസമ്മേളനം നടത്തി. അക്രമത്തിന് ഇരയായവരെ ഓർക്കു വാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും എൽ. എഫ്. പള്ളിയിൽ വച്ച് സെപ്റ്റംബർ 24-ാം തീയതി രാത്രി ജാഗരണ പ്രാർത്ഥന കെ. സി. വൈ.എമ്മിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 26-ാം തീയതി, 13 മണി ആരാധന നടത്തപ്പെട്ടു. റീജിയനിലെ എല്ലാ ഇടവകകളിലും ഈ നിയോഗാർത്ഥം തിരുമണിക്കൂർ നടത്തി.

**Social Welfare Society - N.R. Pura**

Phisiotherapy Unit Inaguration

ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഫിസിയോ തെറാപ്പി യൂണിറ്റ് എൻ. ആർ. പുരയിൽ ഉത്ഘാടനം ചെയ്തു. സൗജന്യ ചികിൽസ വഴി ജന്മനാ അംഗവികലരായ കുട്ടികൾക്കും, തളർവാത രോഗികൾക്കും സഹായം നൽകാമെന്ന് S. W. S. പ്രത്യാശിക്കുന്നു.

De-addiction Centre Inaguration.

S.W. S. എൻ. ആർ. പുര ഓഫീസിനോടു ചേർന്ന് പുതിയതായി De-Addiction Centre ഉദ്ഘാടനം ചെയ്തു. De-addiction Camps, കൗൺസലിംഗ്, ചികിത്സ തുടങ്ങിയവ ഇവിടെ നടത്തി വരുന്നു.

South Indian Adivasi Network Training

ആദിവാസികളുടെ അവകാശങ്ങളെക്കുറിച്ചും പ്രത്യേക സാഹചര്യങ്ങളിൽ അവർക്കു ലഭിക്കേണ്ട നിയമ സഹായങ്ങളെ ക്കുറിച്ചും SIAN- ന്റെ എല്ലാ സോഷ്യൽ വർക്കേഴ്സിനും, പ്രത്യേക ട്രെയിനിംഗും വർക്ക്ഷോപ്പും സംഘടിപ്പിച്ചു.

Spaurn Giving Training

കൂൺ - ഉത്പാദനത്തെക്കുറിച്ചും, അതിന്റെ ഔഷധ ഗുണ ത്തെക്കുറിച്ചും S.W.S. ഓഫീസിൽ വച്ച് ക്ലാസുകൾ നൽകി. കൂൺ-

ഉത്പാദനത്തിന് ആവശ്യമായ വിത്തുകൾ S. W. S. ഓഫീസിൽ നിന്നും നൽകി വരുന്നു.

രാവൂർ, ഷെട്ടിക്കുടിഗെ എന്നിവിടങ്ങളിൽ പുതിയതായി രണ്ട് ട്യൂഷൻ സെന്റർ കൂടി ആരംഭിച്ചു. S. W. S.ന്റെ നേതൃത്വത്തിൽ 250-ൽ പരം സ്വാശ്രയ സംഘങ്ങൾ നടത്തപ്പെടുന്നു.

**മാതൃസംഘടന**

റീജിയണിലെ മാതൃസംഘടനയുടെ നേതൃത്വത്തിൽ 13-9-08 ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് എൽ.എഫ്. പള്ളിയിൽ വച്ച് ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. അമ്മമാർക്കായി നടത്തപ്പെട്ട മൽസരങ്ങളുടെ വിജയികൾ

| | | | |
|---|---|---|---|
| ബൈബിൾ ക്വിസ് | I | - | St. Sebastian's Church Makkodu |
| | II | - | St. Norbert Church Koppa |
| ഓണപ്പാട്ട് | I | - | St. Mary's Church Chettikudiye |
| | II | - | St. Sebastian's Church Makkodu |

പങ്കെടുത്ത എല്ലാവർക്കും, അമ്മമാരെ ഒരുക്കിയ ആനിമേറ്റേഴ്സിനും , നേതൃത്വം നൽകിയ ഷാജു വടക്കുംകര അച്ചനും റീജിയണൽ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ...

**കെ.സി.വൈ.എം.**

എല്ലാ ഇടവകകളുടെയും പ്രാതിനിധ്യത്തോടുകൂടി സെപ്റ്റംബർ 21-ാം തീയതി എൽ.എഫ്. പള്ളിയിൽ വച്ച് റീജിയണൽ തലത്തിൽ ഓണാഘോഷ പരിപാടികൾ നടത്തി. വിവിധ കലാപരിപാടികൾ, ഗെയിംസ് തുടങ്ങിയവ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. റീജിയണൽ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ആമ്പശ്ശേരി സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. ബഹു. മനോജ് ജീരകശ്ശേരി അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്യുകയും പരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്തു. പരിശുദ്ധ പിതാവ് യുവജനങ്ങളോട് ആഹ്വാനം ചെയ്യുന്നതുപോലെ, പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളും, കുരിശിന്റെ രഹസ്യവുമാകുന്ന 'നിധി' സ്വീകരിക്കുവാനും ജീവിക്കുവാനും കെ.സി.വൈ.എം. അംഗങ്ങൾ സജ്ജമാ

കണമെന്ന് തന്റെ സന്ദേശത്തിൽ ബഹു. സെബാസ്റ്റ്യൻ ആനച്ചാലിൽ അച്ചൻ യുവജനസുഹൃത്തുക്കളെ ഓർമ്മിപ്പിച്ചു.

### കെ. സി. വൈ. എം. - സേവനദിനം

ബൈബിളിന്റെ സന്ദേശം സ്നേഹമാണെന്നും, സ്നേഹം സേവനത്തിലൂടെ പ്രകടമാക്കാമെന്നും, പ്രവർത്തനത്തിലൂടെ കാണിച്ചുകൊടുക്കാമെന്നും തെളിയിക്കുവാൻ എൽ. എഫ്. ശാഖാംഗങ്ങൾ ഒക്ടോബർ 2-ന് സേവനദിനമായി ആചരിച്ച് പാവപ്പെട്ട ഒരു കുടുംബത്തിന് വീട് നിർമ്മിച്ച് നൽകി. ഈ സംരംഭം വിജയിപ്പിച്ച യുവജനങ്ങൾക്കും, നേതൃത്വം നൽകിയവർക്കും അഭിനന്ദനങ്ങൾ...

### മെഡിക്കൽ ചെക്കപ്പ്

കിഡ്നി സംബന്ധമായ രോഗങ്ങളാൽ വലയുന്നവർക്ക് വേണ്ടി പുഷ്പ ഹോസ്പിറ്റലിൽ വച്ച് സൗജന്യ മെഡിക്കൽ ചെക്കപ്പ് നടത്തി. മംഗലാപുരത്തെ എ. ജെ. ഹോസ്പിറ്റലിലെ ഡോക്ടേഴ്സ് ക്യാമ്പിന് നേതൃത്വം നൽകി.

### പുതിയ ഫോൺനമ്പർ:

എസ്.എച്ച്. കോൺവെന്റ് മാക്കോട് എൻ.ആർ.പുര -

ഫോൺ: 08266-215426, മൊബൈൽ : 9731951004

**സി. സ്മിത നാൽപ്പാടൻ SABS**

റീജിയണൽ സെക്രട്ടറി

"ഗോതമ്പുമണി അരച്ച് പൊടിക്കുമ്പോൾ വെളുത്ത പൊടി മാവ് കിട്ടുന്നു. അത് പാകപ്പെടുത്തി വി.കുർബ്ബാനയ്ക്കുള്ള ഓസ്തി യായി രൂപാന്തരപ്പെടുത്തുന്നു. ഇതുപോലെ ഞാനും ചതഞ്ഞ്, അരഞ്ഞ്, പൊടിഞ്ഞ് ഓസ്തിയായി രൂപാന്തരപ്പെടണം. വിളഞ്ഞു കിടക്കുന്ന മുന്തിരി പഴങ്ങൾ ചക്കിലിട്ട് അരയ്ക്കുമ്പോൾ മാത്രമേ, രുചികരമായ ചാറ്, വീഞ്ഞ് ലഭിക്കൂ...സഹനം വഴി ദൈവം നമ്മെ ശുദ്ധീകരിക്കുമ്പോൾ നാം നല്ല വീഞ്ഞായി മാറും..." വി. അൽഫോൻസാമ്മ.

ഒക്ടോബർ പുണ്യസുകൃതങ്ങളുടെ പൊൻമാസം. വചനത്തെ മാംസം ധരിച്ച പരി.കന്യകാമറിയത്തിന്റെ ജപമാല തിരുനാൾ. ഒപ്പം സഹനത്തെ സ്വന്തമാക്കി വിശുദ്ധിയുടെ കിരീട മണിഞ്ഞ വി.അൽഫോൻസാമ്മയുടെ പുണ്യാഭിഷേകം. രണ്ടും കേരളത്തിന്റെ വിശുദ്ധിയുടെ നിറദീപങ്ങൾ..."വേദനകൾ പോരാ, കുരിശുകൾ പോരാ- എന്റെ ആത്മബലി പൂർത്തിയാകണമെങ്കിൽ ഇനിയും കുരിശുകൾ വേണം..." എന്ന് പറഞ്ഞ വി. അൽഫോൻസാമ്മ സഹനത്തെ സ്നേഹിച്ചവളായിരുന്നു. കുരിശിന്റെ സഹയാത്രികയായിരുന്നു. യേശുവിന്റെ തിരുഹൃദയത്തിൽ അഭയം കണ്ടെത്തിയവളായിരുന്നു...അതികഠിനമായ ശാരീരിക, മാനസിക പീഡകളുടെ നടുവിൽ സുകൃതങ്ങളുടെ ചങ്ങല തീർത്ത വളായിരുന്നു...ഈ വിശുദ്ധിയുടെ പരിമളം ഏറ്റുവാങ്ങുവാൻ, വചന വർഷ ചൈതന്യത്തിന്റെ നിറവോടെ നമുക്ക് സാധിക്കട്ടെ..

**വചനോത്സവ്-ഗൂഡല്ലൂർ മേഖല**

വചനാധിഷ്ഠിത ജീവിതത്തിൽ ആഴപ്പെടാൻ വചനവീഥിയിലൂടെ, ചിന്തകളിലൂടെ ആത്മീയതയുടെ അടിത്തറ ഉറപ്പിക്കുവാൻ ഗൂഡല്ലൂർ മേഖലയിലെ എല്ലാ ഇടവകകളിലും, ദൈവജനം

സഹകരിച്ചു. പ്രത്യേകമായ നന്ദി.. പ്രത്യേകിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്ത വികാരിയച്ചന്മാരെ, കൈക്കാരന്മാരെ നന്ദിയോടെ ഓർമ്മിക്കുന്നു. വിവിധ ഇടവകകളിൽ ക്ലാസുകൾക്ക് നേതൃത്വം നൽകിയ ടീം അംഗങ്ങളായ റവ. മോൺ. ജോർജ് മൂലയിൽ, ഫാ. ജോസഫ് കാനാട്ട്, ഫാ. സെബാസ്റ്റ്യൻ പാറയിൽ, ഫാ. ജെയ്സൻ തുണ്ടത്തിൽ, ഫാ. മാത്യു തടത്തിൽ, ഫാ. ജോളി കിഴക്കേപറമ്പിൽ, ഫാ. ജോബി പയ്യമ്പള്ളി, ഫാ. സണ്ണി കൊല്ലാർതോട്ടം എന്നിവർക്കും ശ്രീ. ചാക്കോച്ചൻ പുത്തൻപുര, ജോണി കുന്നുംപുറം, ജോൺസൺ ചിറായിൽ, കുര്യൻ തേനംമാക്കൽ, സണ്ണി തെക്കൈകൈതയ്ക്കൽ എന്നിവർക്കും പ്രത്യേകം നന്ദി.

**വചനോത്സവ്**

നവംബർ 2-ന് മാനന്തവാടി മേഖലയിലും, നവംബർ 9-ന് പയ്യമ്പള്ളി മേഖലയിലും നടത്തപ്പെടുന്നു. വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

കൂടാതെ, വചനോത്സവ് നടത്താൻ സാധിക്കാതെ പോയ ഇടവകകളിൽ ഈ വരുന്ന ആഴ്ചകളിൽ നടത്താൻ ബഹു. വികാരി അച്ചന്മാർ ശ്രമിക്കുകയും കൺവീനറെ അറിയിക്കുകയും ചെയ്യുമല്ലോ.

**മാനന്തവാടി രൂപതാ ബൈബിൾ കൺവെൻഷൻ**

വചനവർഷത്തിലെ രൂപതാ ബൈബിൾ കൺവെൻഷൻ **'വചനം 2008'** എന്ന പേരിൽ 2008 ഡിസംബർ 4, 5, 6 തീയതികളിലായി ദ്വാരക **വി. അൽഫോൻസാ നഗറിൽ** (സിയോൻ ധ്യാന കേന്ദ്രം) വച്ച് പ്രസിദ്ധരായ ആത്മീയ ഗുരുക്കന്മാരുടെ നേതൃത്വത്തിൽ നടത്തപ്പെടുകയാണ്. കൺവെൻഷൻ വിജയത്തിനായി പള്ളിയിൽ അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

**ചില നിർദ്ദേശങ്ങൾ**

- ഇടവകയിൽ - വി. ബലി മദ്ധ്യേയും, കുടുംബപ്രാർത്ഥനകളുടെയിടയിലും കൺവെൻഷൻ വിവരം അറിയിക്കുകയും വിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുക.
- രൂപതയിൽ നിന്നു നൽകുന്ന പോസ്റ്ററും, നോട്ടീസും ഇടവക

യിലെ വിവിധ ഭാഗങ്ങളിൽ പതിപ്പിക്കുകയും, വിതരണം ചെയ്യുകയും ചെയ്യുക.

- കൺവെൻഷൻ വിജയത്തിനായി വോളണ്ടിയേഴ്സ് ടീമിലേക്കായി ഒരു ഇടവകയിൽ നിന്ന് 2 പേരെ നൽകുക.
- വാർഡനുസരിച്ച് വാഹനങ്ങൾ ക്രമീകരിച്ച് ഇടവകയിൽ നിന്ന് കഴിയുന്നത്ര ആളുകളെ ഈ വചനവർഷ കൺവെൻഷനിലേക്ക് പറഞ്ഞ് വിടുക.
- ബഹു. വൈദികർ സാധിക്കുമെങ്കിൽ മൂന്നു ദിവസവും വരികയും കുമ്പസാരത്തിന് സഹായിക്കുകയും ചെയ്യുക.

ബഹു. സിസ്റ്റേഴ്സ്, വൈദികവിദ്യാർത്ഥികൾ, സന്യാസാർത്ഥികൾ എന്നിവർ നിർബന്ധമായും പങ്കെടുക്കുവാൻ ശ്രമിക്കുക.

നവംബർ 20 മുതൽ ദ്വാരക സിയോൻ ചാപ്പലിൽ വച്ച് നടത്തപ്പെടുന്ന കൺവെൻഷൻ വിജയത്തിനായുള്ള മദ്ധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷയിൽ കഴിയുന്നത്ര ആളുകൾ പങ്കെടുക്കുക. സമയം രാവിലെ 10 മുതൽ 1 വരെ. ഓരോ ഇടവകയിലും പള്ളിയുടെ ചിലവിൽ ഒരു കൺവെൻഷൻ ബാനർ - പള്ളിയുടെ മുന്നിലായി നവംബർ 15 ഓടെ സ്ഥാപിക്കുക. അതിനുള്ള ഒരു മാതൃക ഇതോടൊപ്പം ചേർക്കുന്നു.

**ബാനർ മാതൃക**

"അങ്ങയുടെ വചനം എന്റെ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ. 119 : 105)

**ദ്വാരക വി. അൽഫോൻസാ നഗറിൽ** (സിയോൻ ധ്യാനകേന്ദ്രം)

# 'വചനം 2008'

**മാനന്തവാടി രൂപത ബൈബിൾ കൺവെൻഷൻ**

2008 ഡിസംബർ 4, 5, 6 (വ്യാഴം, വെള്ളി, ശനി തീയതികളിൽ)

സമയം : രാവിലെ 9 മുതൽ വൈകിട്ട് 3.30 വരെ

**സ്വാഗതം**

**ഫാ. സണ്ണി കൊല്ലാർതോട്ടം**
വചനവർഷസമിതി കൺവീനർ



## മതബോധനരംഗം

**കുട്ടികളുടെ ദിനം : നവംബർ 16**

ക്രിസ്തീയ ജീവിതത്തിനുവേണ്ടിയുള്ള പരിശീലനമാണ് വിശ്വാസ പരിശീലന വേദിയിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. ഇത് സാധിക്കുവാൻ ദൈവവിശ്വാസം ആഴത്തിൽ അറിയുകയും അനുഭവിക്കുകയും വേണം. വിശ്വാസ പരിശീലനക്ലാസ്സുകളിൽ കുട്ടികൾ പഠിക്കുന്ന വിശ്വാസ സത്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോഴാണ് വിശ്വാസപരിശീലന പ്രക്രിയ ഫലമണിയുന്നത്. ഇതിന് മാതാപിതാക്കളുടെ നിരന്തര ശ്രദ്ധയും, അദ്ധ്യാപകരുടെ പ്രോത്സാഹനവും സഹായവും കുട്ടികൾക്ക് ലഭിക്കണം.

വചനാധിഷ്ഠിതജീവിതം നയിക്കുകയാണ് ക്രിസ്തീയ പരിശീലനത്തിന്റെ അടിസ്ഥാനം. അതിനാൽ വിശ്വാസ പരിശീലന വേദിയിൽ ദൈവവചന പഠനത്തിന് പ്രാധാന്യം നൽകുന്ന വിധത്തിലാണ് നമ്മുടെ മതബോധന ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടത്. അതോടൊപ്പം വിശ്വാസ ജീവിതവീഥികളിൽ കുട്ടികൾക്കുണ്ടാകുന്ന സംശയങ്ങൾ വി. ഗ്രന്ഥത്തിന്റെയും, സഭയുടെ പഠനങ്ങളുടെയും അടിസ്ഥാനത്തിൽ ദുരീകരിക്കുവാൻ ശ്രദ്ധിക്കണം. വിശ്വാസപരിശീലനത്തിലൂടെ വളരുന്ന എല്ലാ കുട്ടികൾക്കും ഈ നല്ല ദിവസത്തിന്റെ ആശംസകൾ.

**അർദ്ധവാർഷിക പരീക്ഷ**

ഈ പ്രവർത്തനവർഷത്തിലെ അർദ്ധവാർഷിക പരീക്ഷ ഡിസംബർ 7-ാം തീയതിയാണ്. കുട്ടികളെ പരീക്ഷയ്ക്ക് നന്നായി ഒരുക്കുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കണം. കഴിഞ്ഞപരീക്ഷയിൽ

വന്ന കുറവുകൾ പരിഹരിക്കുവാൻ കുട്ടികളെ ഒരുക്കുമല്ലോ.

ചോദ്യപേപ്പർ പതിവുപോലെ മതബോധന ഓഫീസിൽ നിന്നും ഫൊറോന സെക്രട്ടറിമാർ ഡിസംബർ 5-ാം തീയതി എടുക്കേണ്ടതാണ്.

**HDC കോൺടാക്ട് ക്ലാസ്സ്**

HDC ആദ്യവർഷക്കാരുടെ രണ്ടാമത്തെ കോൺടാക്ട് ക്ലാസ്സ് നവംബർ 8, 29 ദിസങ്ങളിൽ ദ്വാരക പാസ്റ്ററൽസെന്ററിൽ നടത്തുന്നു. മണിമൂളിയിൽ വച്ചുള്ളത് പിന്നീട് അറിയിക്കും. പങ്കെടുക്കേണ്ടവർ ഏതുദിവസമാണ് വരുന്നതെന്ന് ഓഫീസിൽ അറിയിക്കണം (04935- 245094). ക്ലാസ്സ് രാവിലെ 9.30-ന് ആരംഭിക്കും എന്നത് ശ്രദ്ധിക്കുമല്ലോ.

**അഭിനന്ദനങ്ങൾ**

HDC ആദ്യബാച്ചുകാരുടെ Convocation Day മനോഹരമാക്കിയ ഏവരേയും അഭിനന്ദിക്കുന്നു. HDC യുടെ ആദ്യബാച്ചിലെ 62 പേർ ഉന്നതവിജയം നേടി യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റിന് അർഹരായി. കുമാരി ആനീസ് മാത്യു കിഴക്കേടത്ത്, സി. നാൻസി FCC, ശ്രീ. അബ്രാഹം ഓണിശേരി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്ക് കരസ്ഥമാക്കി. പ്രൗഢമായ സദസിന് രൂപതാ ഡയറക്ടർ ഫാ. ബെന്നി മുതിരക്കാലായിൽ സ്വാഗതമോതി. രൂപതാ വികാരിജനറാൾ മോൺ. ജോർജ് മൂലയിൽ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ സഭയുടെ പഠനങ്ങളുടെ പരിശീലനത്തിന്റെ പ്രാധാന്യത്തെ പ്രത്യേകം ഊന്നിപറഞ്ഞു. സിയോൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പാറയിൽ, രൂപത മതബോധന സെക്രട്ടറി ശ്രീ. തോമസ് ഏറണാട്ട് തുടങ്ങിയവർ സ്നേഹോഷ്മളമായ ആശംസകളർപ്പിച്ചു. റാങ്ക് ജേതാക്കൾക്ക് ബഹു. ജനറാളച്ചൻ പ്രശസ്തി പത്രം നൽകി ആദരിച്ചു. വിജയികൾക്ക് കെ.സി.ബി.സി ഫാമിലി കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് കോട്ടായിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. തുടർന്ന് "സഭാപഠനങ്ങളുടെ പ്രാധാന്യവും പഠനവും" എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. ഫാ. ജോസ് കോട്ടായിൽ ക്ലാസ്സുകൾ നയിച്ചു. കോഴ്സ്

പരിചയപ്പെടുത്തുകയും ക്ലാസ്സ് നയിക്കുകയും ചെയ്യുന്ന HDC കോർഡിനേറ്റർ ശ്രീ.സജി നരിവേലിൽ, Convocation Day യ്ക്ക് നന്ദിയർപ്പിക്കുകയും HDC കോഴ്സ് ക്ലാസ്സ് നയിക്കുകയും ചെയ്യുന്ന DCC കോർഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, HDC ക്ലാസിന് സഹായിച്ച ഫാ. അഗസ്റ്റ്യൻ നിലയ്ക്കപ്പള്ളി, പാസ്റ്ററൽ സെന്ററിലെ ബഹു. അച്ചന്മാർ, HDC കോഴ്സിലേക്ക് അധ്യാപകരെ അയയ്ക്കുന്ന ബഹു. വികാരിയച്ചന്മാർ എല്ലാവരേയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. HDC ആദ്യബാച്ചുകാരുടെ പ്രതിനിധി യായി ശ്രീ. ബാബു നമ്പുടാകം, ശ്രീ. അബ്രാഹം ഓണിശ്ശേരി എന്നിവരുടെ അനുഭവ വിവരണത്തിനും നന്ദി അറിയിക്കുന്നു.

**അധ്യാപക പരിശീലനം**

കൽപ്ര ഇടവക, ഭദ്രാവതി രൂപത എന്നിവിടങ്ങളിലെ അധ്യാ പകർക്ക് രൂപതാ ഡയറക്ടർ ഫാ. ബെന്നി മുതിരക്കാലായിൽ പാഠപുസ്തക വിശകലനവും പരിശീലനരീതികളും അടിസ്ഥാന മാക്കി ക്ലാസ്സുകൾ നയിച്ചു.

**MIRACLE**

അമ്പായത്തോട്, ജൂഡ്സ് മൗണ്ട് എന്നീ ഇടവകകളിൽ MIRACLE നടത്തി. ബഹു. വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി. “മിറക്കിൾ” നടത്തുവാൻ സഹായിക്കുന്ന തിരുഹൃദയ സഹോദ രിമാർക്ക് ഏറെ നന്ദി.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

## ചെറുപുഷ്പ മിഷൻലീഗ്

**ക്രൈസ്തവർക്കെതിരായ അക്രമം:**
**ഉപവാസവും പ്രതിഷേധറാലിയും നടത്തി**

ഭാരതത്തിന്റെ പല ഭാഗങ്ങളിലായി ക്രൈസ്തവർക്കും ആരാധനാലയങ്ങൾക്കും നേരെ നടക്കുന്ന ആക്രമണത്തിനും പീഡനത്തിനും എതിരെ ജനമനഃസാക്ഷി ഉണർത്തുന്നതിനായി ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ബത്തേരി സ്വതന്ത്രമൈതാനിയിൽ ഏകദിന ഉപവാസവും പ്രാർത്ഥനയും നടത്തി. ഉപവാസദിനം രൂപതവികാരിജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്തു. രൂപതപ്രസിഡണ്ട് ജോൺസൺ ചിറായിൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ മിഷൻലീഗ് അന്തർദേശീയ ഓർഗനൈസർ ശ്രീ.തോമസ് ഏറണാട്ട് മുഖ്യസന്ദേശം നൽകി. സമകാലികവിഷയത്തെ അപഗ്രഥിച്ച് രൂപതഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, റവ. ഫാ. ബാബു മാപ്ലശേരി, രൂപത ടീം അംഗം കുമാരി അമൃത ആഗ്നസ്, രൂപത സെക്രട്ടറി സജി തറപ്പുതൊട്ടിയിൽ തുടങ്ങിയവർ സംസാരിച്ചു. രൂപത ജോ. ഡയറക്ടർ റവ. സി. വിജയ SABS ഉപവാസപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

ഉപവാസദിനത്തിനു മുന്നോടിയായി ബത്തേരി അസംപ്ഷൻ പള്ളിയിൽനിന്ന് രൂപതയിലെ വിവിധ ശാഖകളിൽ നിന്നുള്ള പ്രവർത്തകർ അണിനിരന്ന മൗനറാലി നടന്നു. റാലി ബത്തേരി മേഖലഡയറക്ടർ റവ. ഫാ. മനോജ് അമ്പലത്തിങ്കൽ ഫ്ളാഗ് ഓഫ് ചെയ്തു. മൗനപ്രതിഷേധറാലി നഗരംചുറ്റി സ്വതന്ത്രമൈതാനിയിൽ അവസാനിച്ചു. രൂപതഭാരവാഹികളായ ഫാ. ടോമി പുത്തൻപുരയ്ക്കൽ, സി. വിജയ SABS, ശ്രീ. ജോൺസൺ

ചിറായിൽ, ബിനു മാങ്കൂട്ടം, ജോയി മേപ്പാടം, ജോണി പരത്ത നാൽ, സി.ലിസിയ SCV, സജി വേങ്ങത്തടം, സെബാസ്റ്റ്യൻ വള്ളി ക്കാവുങ്കൽ, ജാസ്മിൻ ഇണ്ടിക്കുഴ, മേഖലഭാരവാഹികൾ, ശ്രീ. ജോസ് മുണ്ടിയാനി, സജി തറപ്പുതൊട്ടിയിൽ തുടങ്ങിയവർ പരി പാടിക്ക് നേതൃത്വം നൽകി. റാലിയും ഉപവാസദിനവും വിജയി പ്പിക്കാൻ സഹകരിച്ച ശാഖാ ഡയറക്ടർമാർക്കും ജോ. ഡയറ ക്ടേഴ്സിനും, ശാഖാഭാരവാഹികൾക്കും രൂപതനേതൃത്വത്തിന്റെ നന്ദി ഹൃദയപൂർവ്വം അറിയിക്കുന്നു.

**മിഷൻലീഗ് രൂപതകലോത്സവം സമാപിച്ചു**

ചെറുപുഷ്പമിഷൻലീഗ് 35-ാം രൂപത ബൈബിൾ കലോ ത്സവം ഒക്ടോബർ 9-ന് വ്യാഴാഴ്ച ദ്വാരക അൽഫോൻസ നഗറിൽ സേക്രഡ് ഹാർട്ട് ഹയർസെക്കണ്ടറി സ്കൂളിൽ നടന്നു. കലോ ത്സവം മാനന്തവാടി രൂപത പ്രൊക്കുറേറ്റർ റവ. ഫാ. ഗർവാസീസ് മറ്റം ഉദ്ഘാടനം ചെയ്തു. രൂപതപ്രസിഡണ്ട് ജോൺസൺ ചിറാ യിൽ അദ്ധ്യക്ഷത വഹിച്ചു. രൂപതഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, ദ്വാരക ശാഖാഡയറക്ടർ ഫാ. ജോയി തുരു ത്തേൽ, ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി കാതറിൻ ടീച്ചർ, രൂപത ജോ. സെക്രട്ടറി കുമാരി ജാസ്മിൻ ഇണ്ടി ക്കുഴ തുടങ്ങിയവർ ഉദ്ഘാടനസമ്മേളനത്തിൽ കലാമത്സരത്തിന് ആശംസകൾ നേർന്ന് സംസാരിച്ചു. തുടർന്ന് എട്ടു സ്റ്റേജുകളി ലായി പ്രസംഗം, ലളിതഗാനം, ബൈബിൾക്വിസ്, ബൈബിൾ വായന തുടങ്ങിയ ഇനങ്ങളിൽ സബ്ജൂനിയർ, ജൂനിയർ, സീനി യർ, സൂപ്പർസീനിയർ വിഭാഗങ്ങളിലായി മത്സരം നടന്നു. മേഖലാ കലാമത്സരത്തിൽ നിന്ന് വിജയികളായി 500-ഓളം കലാകാരന്മാർ മത്സരങ്ങളിൽ പങ്കെടുത്തു.

**മിഷൻലീഗ് കലോത്സവം നടവയലിന് തിളക്കമാർന്ന വിജയം**

ചെറുപുഷ്പ മിഷൻലീഗ് രൂപതകലോത്സവത്തിൽ മേഖലാ തലത്തിൽ നടവയൽ മേഖലയും ശാഖാതലത്തിൽ നടവയൽ ശാഖയും തിളക്കമാർന്ന വിജയം നേടി. മേഖലാതലത്തിൽ മാന ന്തവാടി, പുൽപ്പള്ളി മേഖലകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാന ങ്ങൾക്ക് അർഹരായി. ശാഖാതലത്തിൽ ബത്തേരി അസംപ്ഷൻ ശാഖയും മാർട്ടിൻനഗർ ശാഖയും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**2007-2008 വർഷത്തെ മികച്ച ശാഖ - ചിത്രഗിരി**

2007-2008 വർഷത്തെ ഏറ്റവും മികച്ച പ്രവർത്തനത്തിനുള്ള ബഹുമതിയ്ക്ക് ചിത്രഗിരിശാഖ തിരഞ്ഞെടുക്കപ്പെട്ടു. രണ്ടാം സ്ഥാനം കോട്ടത്തറ ശാഖയും, മൂന്നാം സ്ഥാനം കണിയാരം ശാഖയും നേടി.

**മിഷൻമാസാചരണത്തിന് ബത്തേരി അസംപ്ഷൻ ശാഖ**

ഒക്ടോബർ മാസത്തിന്റെ ധന്യത മനസ്സിലാക്കി അർത്ഥവത്തായും മികച്ച രീതിയിലും മിഷൻമാസാചരണം നടത്തിയതിനുള്ള ബഹുമതിപത്രത്തിന് ബത്തേരി അസംപ്ഷൻ ശാഖ തിരഞ്ഞെടുക്കപ്പെട്ടു. മുതിരേരി ശാഖയ്ക്ക് രണ്ടാം സ്ഥാനവും നടവയൽ, മുണ്ടേരി ശാഖകൾ മൂന്നാം സ്ഥാനവും നേടി.

**മികച്ച കയ്യെഴുത്ത് മാസിക "വചനജ്യോതി" - കാവുംമന്ദം ശാഖ**

രൂപതാതലത്തിൽ ഏറ്റവും മികച്ച കയ്യെഴുത്ത് മാസികയായി കാവുംമന്ദം ശാഖയുടെ 'വചനജ്യോതി' തിരഞ്ഞെടുക്കപ്പെട്ടു. ഒലിവുമല ശാഖയുടെ 'നവജ്യോതി' രണ്ടാം സ്ഥാനത്തിനും, തോണിച്ചാൽ ശാഖയുടെ 'മഴവില്ല്' മൂന്നാം സ്ഥാനവും നേടി.

**മികച്ച പ്രവർത്തന മേഖല - ബത്തേരി**

2007-2008 പ്രവർത്തനവർഷത്തിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ചതിലൂടെ ബത്തേരി മേഖല മികച്ച പ്രവർത്തന മേഖലയായി തിരഞ്ഞെടുക്കപ്പെട്ടു. രണ്ടാംസ്ഥാനം തരിയോട് മേഖലയും മൂന്നാംസ്ഥാനം കൽപ്പറ്റ, നടവയൽ മേഖലകളും നേടി.

**സമാപനസമ്മേളനം**

35-ാമത് ബൈബിൾ കലോത്സവത്തിന്റെ സമാപനസമ്മേളനത്തിൽവെച്ച് വിജയികൾക്ക് ട്രോഫികളും ബഹുമതിപത്രവും മിഷൻലീഗ് അന്തർദേശീയ ഓർഗനൈസർ ശ്രീ. തോമസ് ഏറണാട്ട് വിതരണം ചെയ്തു. രൂപത വൈസ്പ്രസിഡണ്ട് കുമാരി ജിസ്ന കറുത്തേടം അദ്ധ്യക്ഷത വഹിച്ചു. രൂപത ജോ. ഡയറക്ടർ സി. വിജയ SABS, ദ്വാരക സേക്രഡ്ഹാർട്ട് സ്കൂൾ ഹെഡ്മിസ്ട്രസ്സ് റവ. സി. എൽസ ജയിംസ് SH, രൂപത ഓർഗനൈസർ ശ്രീ. തോമസ് കല്ലറയ്ക്കൽ തുടങ്ങിയവർ വിജയികൾക്ക് ആശംസകൾ നേർന്നു

സംസാരിച്ചു. രൂപതഭാരവാഹികളായ ജോയി മേലാടത്ത്, ബിനു മാങ്കൂട്ടം, സജി വേങ്ങത്തടം, ജോണി പരത്തനാൽ, സെബാസ്റ്റ്യൻ വള്ളിക്കാവുങ്കൽ, മോൻസി വാഴയിൽ, സി. ലിസിയ, നീതു വട ക്കേടത്ത്പുത്തൻപുര, സജി തറപ്പുതൊട്ടിയിൽ തുടങ്ങിയവർ കലാ മത്സരത്തിന് നേതൃത്വം നൽകി.

**അഭിനന്ദനങ്ങൾ**

കലാമത്സരത്തിൽ തിളക്കമാർന്ന വിജയം നേടിയ സർഗ്ഗ പ്രതിഭകൾക്കും കൂട്ടായ്മയിലൂടെയും കഠിനാധ്വാനത്തിലൂടെയും വേറിട്ടതും തനതായ പ്രവർത്തനങ്ങളിലൂടെയും വിജയം കൊയ്ത ശാഖകൾക്കും, മേഖലകൾക്കും അവരെ ഓജസ്സും തേജസ്സുമേകി ധീരമായി നയിക്കുന്ന നേതൃത്വത്തിനും ചെറുപുഷ്പമിഷൻലീഗ് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ... ആശംസകൾ.

**നന്ദിപൂർവ്വം**

35-ാം ബൈബിൾ കലോത്സവത്തിന്റെ ചിട്ടയായ നടത്തി പ്പിലും മികച്ച രീതിയിൽ സംഘടിപ്പിക്കുവാൻ എക്സിക്യൂട്ടീവിന് താങ്ങും തണലുമായി നിന്ന രൂപത ടീം അംഗങ്ങൾക്കും മേഖല ഭാരവാഹികൾക്കും സ്ഥലസൗകര്യം വിട്ടുതന്ന സേക്രഡ്ഹാർട്ട് ഹയർസെക്കണ്ടറി സ്കൂൾ അധികൃതർക്കും ചെറുപുഷ്പ മിഷൻലീഗ് ഹൃദ്യമായ നന്ദി അറിയിക്കുന്നു.

## വി. അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് പ്രയാണം ആരംഭിച്ചു

സഹനത്തിന്റെ പുണ്യപുഷ്പം - വി. അൽഫോൻസാമ്മ. വിശുദ്ധയുടെ തിരുശേഷിപ്പ് പ്രയാണം ഒക്ടോബർ 12-ന് രൂപത വികാരിജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്തു. അൽഫോൻസാമ്മ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ട ധന്യ നിമിഷത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നിന്ന് നിരവധി വാഹ നങ്ങളുടെയും ബൈക്കുകളുടെയും അകമ്പടിയോടെ തിരുശേഷിപ്പ് രൂപതയിലെ പ്രഥമ അൽഫോൻസാ തീർത്ഥാടനകേന്ദ്രമായ പട മലയിലേക്ക് പ്രയാണം നടത്തി. പടമലപള്ളി വികാരി റവ. ഫാ. ജോസ് മുണ്ടയ്ക്കാമറ്റവും ഇടവകജനങ്ങളും ഭക്ത്യാദരപൂർവ്വവും വീരോചിതവുമായ സ്വീകരണമാണ് തിരുശേഷിപ്പിന് നൽകിയത്. തുടർന്ന് പയ്യമ്പള്ളി ഫൊറോനയിലെ മുഴുവൻ വൈദികരും

ഫൊറോന വികാരി റവ. ഫാ. ജോസ് മുണ്ടക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചു. ദിവ്യബലിക്കു ശേഷം രൂപത ഡയറക്ടർ റവ. ഫാ.ടോമി പുത്തൻപുരയ്ക്കൽ വി. അൽഫോൻസാമ്മയുടെ നൊവേന സമർപ്പണം നടത്തി. നൊവേനയ്ക്കുശേഷം തിരുശേഷിപ്പ് ചുംബിക്കാനും വണങ്ങാനും വിശ്വാസികൾക്ക് അവസരം ലഭിച്ചു. ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും നേർച്ച ഭക്ഷണം പടമല ശാഖ ഒരുക്കിയിരുന്നു. തിരുശേഷിപ്പ് പ്രയാണവും ഇതരകാര്യങ്ങളും ഭംഗിയാക്കുവാൻ ക്രമീകരണങ്ങൾ ചെയ്ത മിഷൻലീഗിന്റെ രൂപത ഭാരവാഹികൾക്കും ശാഖാപ്രവർത്തകർക്കും ഡയറക്ടർ, ജോ.ഡയറക്ടേഴ്സിനും രൂപതയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**ലോഗോസ് ബൈബിൾ ക്വിസ്**

ലോഗോസ് ബൈബിൾ ക്വിസ് ഒക്ടോബർ 5-ന് രൂപതയിലെ എല്ലാ ശാഖകളിലും നടന്നു. ലോഗോസ് ബൈബിൾ ക്വിസ് വളരെ ചിട്ടയോടും കൃത്യതയോടും കൂടെ നടത്തിയ ശാഖാ ഡയറക്ടേഴ്സിനും, ജോ. ഡയറക്ടേഴ്സിനും ഭാരവാഹികൾക്കും രൂപതാ കുടുംബത്തിന്റെ നന്ദി ഹൃദയപൂർവ്വം അറിയിക്കുന്നു.

**ലോഗോസ് വിജയികൾ**

**A ഗ്രൂപ്പ്**

| | | | |
|---|---|---|---|
| I | ട്രീസ മൂലക്കര | 86 | ചെന്നലോട് |
| II | ലിബിൻ പി. ബി. | 83 | ഇരുളം |
| III | ജാസ്മിൻ കച്ചിറയിൽ | 82.5 | കല്ലുവയൽ |

**B ഗ്രൂപ്പ്**

| | | | |
|---|---|---|---|
| I | നവീൻ ഷോബി തുരുത്തേൽ | 93 | കൽപ്പറ്റ |
| II | ജോസ്മി കരിമ്പനക്കൽ | 89 | പട്ടാണിക്കൂപ്പ് |
| III | എലിസബത്ത് പ്ലാവനക്കുഴി | 87 | നരിവാലമുണ്ട |

**C ഗ്രൂപ്പ്**

| | | | |
|---|---|---|---|
| I | സിമി തേനംമാക്കൽ | 94 | ചൂരൽമല |
| II | സി. പ്രിൻസി SH | 93 | S.H. Provincial House |
| III | സി. ഫിലോ ജോസ് SABS | 92 | അമ്പലവയൽ |

**D ഗ്രൂപ്പ്**

| | | |
|---|---|---|
| I വത്സമ്മ ചെഞ്ചേരി | 97 | മണിമൂളി |
| II ഷൈനി ജോസ് | 95 | വാഴവറ്റ |
| III സി. പൗളിൻ SABS | 94 | അമ്പലവയൽ |

**E ഗ്രൂപ്പ്**

| | | |
|---|---|---|
| I അന്നമ്മ പുതിയകുന്നേൽ | 92 | വൈത്തിരി |
| II മേരി പുതിയിടത്ത് | 91 | നടവയൽ |
| III സി. ആലീസ് SABS | 89 | അമ്പലവയൽ |

ലോഗോസിന് ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ശാഖ ബത്തേരി, ഇടവകയിലെ കുടുംബങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ശാഖ പട്ടാണിക്കൂപ്പ്.

**സമ്മാനകൂപ്പൺ നറുക്കെടുപ്പ് ഫലം**

ചെറുപുഷ്പ മിഷൻലീഗ് നടത്തിയ സമ്മാനകൂപ്പൺ പദ്ധതിയിൽ പങ്കെടുത്ത ഏവർക്കും നന്ദി അറിയിക്കുന്നു.

| | | | |
|---|---|---|---|
| I | സൈക്കിൾ | : നോബിൾ പടിഞ്ഞാറെക്കര | പടമല |
| II | മൊബൈൽ | : സിയോണ കാരാന്തോളിൽ | കബനിഗിരി |
| III | വാച്ച് | : സച്ചിൻ നിരപ്പിൽ | പറളിക്കുന്ന് |

**പ്രോത്സാഹന സമ്മാനങ്ങൾ**

1) മിനി പാങ്കോട്ട് തെനേരി, 2) ആൻസി വിളയാനിക്കൽ ഒറ്റപ്ലാവ്, 3) മറിയം പന്തിരുപറ തവിഞ്ഞാൽ, 4) രാകേഷ് മുട്ടപ്പള്ളി തരിയോട്, 5) അനില ആരംപുളിക്കൽ അസംപ്ഷൻ, 6) മെർളിൻ കുര്യക്കാട്ടിൽ കല്ലോടി, 7) ചിന്നമ്മ ഇല്ലിക്കൽ വിളമ്പുകണ്ടം, 8) ജിനേഷ് പോയിക്കര മണിമൂളി, 9) തലൈമണി കുന്നലാടി, 10) ടോണി തോട്ടപ്പള്ളി മരകാവ്, 11) ജോയി അരുമായിൽ ഇടിവണ്ണ, 12) ലീലാമ്മ അരഞ്ഞാണി പയ്യംപള്ളി.

കൂപ്പൺ നറുക്കെടുപ്പ് സമ്മാനം രൂപത ഓഫീസിൽ നിന്ന് ഏറ്റുവാങ്ങേണ്ടതാണ്. നറുക്കെടുപ്പ് ഫലം ഇടവകയിൽ അറിയിക്കുകയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുവാനും ആവശ്യമായ ക്രമീകരണം ചെയ്യുമല്ലോ.

**ഗ്ലോറിയ വോയ്സ് - ടെലി ബൈബിൾ ക്വിസ് ആരംഭിക്കുന്നു**

വചനവർഷത്തിൽ ബൈബിൾ പഠനത്തിന് പ്രോത്സാഹന മേകാൻ രൂപത നേതൃത്വത്തിൽ നടക്കുന്ന ടെലി ബൈബിൾ ക്വിസ് - ഗ്ലോറിയ വോയ്സ് നവംബർമാസത്തിലെ എല്ലാ ഞായറാഴ്ച കളിലും ഉണ്ടായിരിക്കും. പങ്കെടുക്കുന്നവർ ഞായറാഴ്ച ഉച്ചക ഴിഞ്ഞ് 3 മണിമുതൽ 4 മണിവരെയുള്ള സമയത്ത് 04935 241017 എന്ന ഫോൺ നമ്പറിൽ വിളിക്കുക. ചോദ്യങ്ങൾക്ക് ഉത്തരം നൽകു ക. സമ്മാനങ്ങൾ നേടുക.

* സുവിശേഷഭാഗങ്ങളിൽനിന്നുള്ള ചോദ്യങ്ങളാണ് ടെലി ബൈബിൾ ക്വിസിൽ ഉണ്ടാകുക.
* പ്രായഭേദമെന്യേ ഏതൊരു വ്യക്തിക്കും മത്സരത്തിൽ പങ്കെടുക്കാം.
* ഓരോ ഞായറാഴ്ചയും ഏറ്റവും കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നവർക്കാണ് സമ്മാനം.
* നവംബർമാസത്തിലെ 5 ഞായറാഴ്ചകളിലെ വിജയികളിൽ ഏറ്റവും കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞ വ്യക്തിക്ക് ക്യാഷ് അവാർഡ് ഉണ്ടായിരിക്കും.

ഗ്ലോറിയ വോയ്സിനെക്കുറിച്ച് ഇടവകയിൽ അറിയിക്കാനാ വശ്യമായ ക്രമീകരണങ്ങൾ ഭാരവാഹികൾ ചെയ്യേണ്ടതാണ്.

**വിജയതീരമണിഞ്ഞവർ**

നിറവാർന്ന വചനസത്യങ്ങൾക്ക് ഉജ്ജ്വലസാക്ഷ്യമേകി വിജയ കിരീടമണിഞ്ഞവർക്ക് രൂപതയുടെ അഭിനന്ദനങ്ങൾ.

**സബ്ജൂണിയർ : ലളിതഗാനം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | അനിൽ ആലഞ്ചേരി | നടവയൽ | നടവയൽ |
| II A | അക്ഷയ് ചേരിയിൽ | പാടിച്ചിറ | പുൽപ്പള്ളി |
| III A | ജോബിൻ ചിറയംപറമ്പിൽ | പാലാങ്കര | മണിമൂളി |

**ലളിതഗാനം പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ജിയ വല്ലയിൽ | ബത്തേരി | ബത്തേരി |
| II A | ലിഞ്ജു ആലക്കൽ | ചാരിറ്റി | കൽപ്പറ്റ |
| III A | മരിയ കണിയമ്മാംകുന്നേൽ | പാലാങ്കര | മണിമൂളി |

**പ്രസംഗം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ആന്റോ കൈതാരത്ത് | കണിയാരം | മാനന്തവാടി |

| | | | |
|---|---|---|---|
| II B | ആമോദ് കല്ലറക്കൽ | ആറാട്ടുതറ | പയ്യമ്പള്ളി |
| III B | ശരത് കൂവക്കൽ | ചെന്നലോട് | തരിയോട് |

**പ്രസംഗം - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | എലിസബത്ത് നെല്ലിക്കാട്ടിൽ | കല്ലോടി | കല്ലോടി |
| II A | ശ്രേയ ചിറപ്പുറത്ത് | നടവയൽ | നടവയൽ |
| III B | സാന്ദ്ര തേക്കാനത്ത് | ബത്തേരി | ബത്തേരി |

**ബൈബിൾവായന - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ആന്റോ കൈതാരത്ത് | കണിയാരം | മാനന്തവാടി |
| II A | സച്ചിൻ പേടിക്കാട്ട്കുന്നേൽ | ബത്തേരി | ബത്തേരി |
| III B | ശരത് കൂവക്കൽ | ചെന്നലോട് | തരിയോട് |
| III B | ജെയ്സൺ വാതക്കോടത്ത് | നടവയൽ | നടവയൽ |

**ബൈബിൾവായന - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ശ്രേയ ചിറപ്പുറത്ത് | നടവയൽ | നടവയൽ |
| II B | എലിസബത്ത് ചൂനാട്ട് | കബനിഗിരി | പുൽപ്പള്ളി |
| III B | റിയ മേക്കര | ആറാട്ടുതറ | പയ്യമ്പള്ളി |

**<u>ജൂണിയർ</u> : ലളിതഗാനം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ജോയേൽ വല്ലയിൽ | ബത്തേരി | ബത്തേരി |
| II A | ക്രിസ്റ്റീനോ ജേക്കബ് ഉഷസ് | ബത്തേരി | ബത്തേരി |
| III A | അതുൽ കാളിയാനി | ദ്വാരക | കല്ലോടി |

**ലളിതഗാനം - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | അലീന പന്തിരുപറ | തവിഞ്ഞാൽ | മാനന്തവാടി |
| II A | അന്നമ്മ ആശാരിപറമ്പിൽ | കബനിഗിരി | പുൽപ്പള്ളി |
| III A | ഹണി പെരുകിലംതറപ്പേൽ | പറളിക്കുന്ന് | നടവയൽ |

**പ്രസംഗം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ടോണി അയ്യാനിക്കാട്ട് | തവിഞ്ഞാൽ | മാനന്തവാടി |
| II A | അമൽ തെങ്ങുംതോട്ടം | കേളകം | കൊട്ടിയൂർ |
| III B | ജോമോൻ കുളമറ്റം | ചാരിറ്റി | കൽപ്പറ്റ |

**പ്രസംഗം - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | വീണറോസ് കല്ലറങ്ങാട്ട് | പയ്യമ്പള്ളി | പയ്യമ്പള്ളി |
| II A | ഡോണ ഓരത്ത് | കരിമാനി | മാനന്തവാടി |
| III A | ആതിര തെക്കേമുറി | പാലാങ്കര | മണിമൂളി |

**ബൈബിൾക്വിസ് - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | അലക്സ് പൂക്കുളം | ബത്തേരി | ബത്തേരി |

| | | | |
|---|---|---|---|
| II B | അമൽ തെങ്ങുംതോട്ടം | കേളകം | കൊട്ടിയൂർ |
| III B | സായൂജ് പൂവക്കോട്ടിൽ | നടവയൽ | നടവയൽ |

**ബൈബിൾക്വിസ് - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ജോസ്നി കരിമ്പനക്കൽ | പട്ടാണിക്കൂപ്പ് | പുൽപ്പള്ളി |
| II A | അമ്പിളി മൂലക്കര | ചെന്നലോട് | തരിയോട് |
| III A | ജിസ്ന ചുണ്ടക്കാട്ട് | ധർമ്മഗിരി | ഗൂഡല്ലൂർ |
| III A | അമൃത ചിറമുഖം | പ്രശാന്തഗിരി | മാനന്തവാടി |

**സീനിയർ : സംഗീതം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | അമൽ വട്ടക്കാട്ട് | കാട്ടിക്കുളം | പയ്യമ്പള്ളി |
| II A | ജിജിൻ അയ്യാനിക്കാട്ട് | തവിഞ്ഞാൽ | മാനന്തവാടി |
| III A | ആഷിൻ കോട്ടേപറമ്പിൽ | തലഞ്ഞി | മണിമൂളി |

**സംഗീതം - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | അനുമോൾ ആക്കപ്പിടി | പോരൂർ | മാനന്തവാടി |
| II B | മറിയക്കുട്ടി പുന്നക്കുഴി | കണിയാരം | മാനന്തവാടി |
| III B | ദിൽന കാരാത്ര | ഒലിവുമല | കൽപ്പറ്റ |

**പ്രസംഗം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | സന്ദേശ് മണ്ണാർതോട്ടം | ആടിക്കൊല്ലി | പുൽപ്പള്ളി |
| II B | ബിബിൻ കുത്തുകല്ലിങ്കൽ | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| III B | മാനസ് മുരിങ്ങകണ്ടത്തിൽ | പഴൂർ | ബത്തേരി |

**പ്രസംഗം - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | ഹർഷ ചേരവേലിൽ | നടവയൽ | നടവയൽ |
| II B | ജിൻസി കടകേലിൽ | റിപ്പൺ | കൽപ്പറ്റ |
| III B | റോസ്മേരി കിടങ്ങേത്ത് | കബനിഗിരി | പുൽപ്പള്ളി |

**ബൈബിൾക്വിസ് - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | അരുൺ മുളങ്ങാട്ടിൽ | തെനേരി | കൽപ്പറ്റ |
| II B | ജോൺ കാഞ്ഞിരക്കുഴി | കുറുമ്പാല | തരിയോട് |
| III B | ടോം മഠത്തിൽ | നടവയൽ | നടവയൽ |

**ബൈബിൾക്വിസ് - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | മനീഷ തൊണ്ടുചിറ | കയ്യൂന്നി | ഗൂഡല്ലൂർ |
| II B | അലിൻ മൂത്തോലിൽ | വെള്ളൂന്നി | കൊട്ടിയൂർ |
| III B | നീതു പാലംപറമ്പിൽ | പുതിയിടംകുന്ന് | കല്ലോടി |

**സൂപ്പർസീനിയർ : സംഗീതം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ഷിനു മഠത്താശേരി | പ്രശാന്തഗിരി | മാനന്തവാടി |

| | | | |
|---|---|---|---|
| II A | ഷിനോജ് മാങ്കൂട്ടത്തിൽ | ബത്തേരി | ബത്തേരി |
| III A | ഫ്രാൻസീസ് ഞാലിയിൽ | മണിമൂളി | മണിമൂളി |

**സംഗീതം - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | റിനി ആരംപുളിക്കൽ | വടക്കനാട് | ബത്തേരി |
| II A | റോസ്മേരി ഉറുമ്പിൽ | കബനിഗിരി | പുൽപ്പള്ളി |
| III A | മേരി വലിയതാഴത്ത് | പഴൂർ | ബത്തേരി |

**പ്രസംഗം - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | അനീഷ് ഓമക്കര | കേണിച്ചിറ | നടവയൽ |
| II A | മനു തടത്തിൽ | വിളമ്പുകണ്ടം | നടവയൽ |
| III A | ജിജിൻ കിഴക്കരക്കാട്ട് | കുഞ്ഞോം | കല്ലോടി |
| III A | ഷിൽസൺ കോക്കണ്ടത്തിൽ | ദ്വാരക | കല്ലോടി |

**പ്രസംഗം - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | സിനിയ മുറികുറ്റിക്കൽ | കൊട്ടിയൂർ | കൊട്ടിയൂർ |
| II B | മരിയ പാറയിൽ | വാഴവറ്റ | കൽപ്പറ്റ |
| III C | ഷൈനി വളവുംകണ്ടത്തിൽ | കുറ്റിമൂല | മാനന്തവാടി |
| III C | റിൻസി വാഴക്കൽ | ആലാറ്റിൽ | മാനന്തവാടി |

**ബൈബിൾക്വിസ് - ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | കുര്യാച്ചൻ ചിറമുഖം | പ്രശാന്തഗിരി | മാനന്തവാടി |
| II B | ബെക്സൺ പടിഞ്ഞാറെക്കുറ്റ് | ധർമ്മഗിരി | ഗൂഡല്ലൂർ |
| III B | ജോഷി താണോലിൽ | ധർമ്മഗിരി | ഗൂഡല്ലൂർ |

**ബൈബിൾക്വിസ് - പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | നിഷ കൊല്ലംമാട്ടേൽ | മാർട്ടിൻനഗർ | പയ്യമ്പള്ളി |
| II A | മിത കിഴക്കേടത്ത് | കാവുംമന്ദം | തരിയോട് |
| III B | സിജു ചിറ്റൂപറമ്പിൽ | ദീപ്തിഗിരി | കല്ലോടി |

**സംസ്ഥാന കലോത്സവം - നവംബർ 8-ന്**

മിഷൻലീഗ് സംസ്ഥാന കലോത്സവം നവംബർ 8-ന് ഇടുക്കി രൂപതയിലെ പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ നടക്കും. 1-ഉം, 2-ഉം സ്ഥാനം നേടിയവർക്കാണ് സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാൻ അർഹത. അർഹത നേടിയവർ നവംബർ 7-ന് വെള്ളിയാഴ്ച വൈകുന്നേരം 3 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ എത്തേണ്ടതാണ്. ആവശ്യമായ പരിശീലനം നൽകി അർഹത നേടിയവരെ പറഞ്ഞുവിടുമല്ലോ.

**എയ്ഞ്ചൽമീറ്റ് - നവംബർ 15-ന് ദ്വാരകയിൽ**

ആദ്യകുർബാന സ്വീകരിച്ചവരുടെ സംഗമം - എയ്ഞ്ചൽ മീറ്റ്- 2008. നവംബർ 15-ന് ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 3.30വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും. ഇടവകയിൽനിന്ന് ഈ വർഷം ആദ്യകുർബാന സ്വീകരിച്ചവർ/ ഏറ്റവും അവസാനം ആദ്യകുർബാന സ്വീകരിച്ചവരുടെ ബാച്ച് ഇവരെ ഏറ്റവും സ്നേഹപൂർവ്വം എയ്ഞ്ചൽമീറ്റിലേക്ക് സ്വാഗതം ചെയ്യുന്നു. പങ്കെടുക്കുന്നവർ ആദ്യകുർബാന സ്വീകരണത്തിന് ധരിച്ച വെള്ളവസ്ത്രം ധരിച്ച് എത്തേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം നവംബർ 4-ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. എല്ലാവരും എത്തിച്ചേരാനാവശ്യമായ ക്രമീകരണം ചെയ്യുമല്ലോ.

9.30 - ദിവ്യബലി, 11.15 - ക്ലാസ്സ്,

1.00 - ഭക്ഷണം, 1.45 - ക്ലാസ്സ്, 3.30 - സമാപനം.

**ധ്യാനം**

ക്രിസ്റ്റീൻ രൂപതാ ടീമിന്റെ നേതൃത്വത്തിൽ മാനന്തവാടി മൗണ്ട് മേരി കോളേജിൽ വാർഷികധ്യാനം നടത്തി. രൂപതഡയറക്ടർ ഫാ. ടോമി പുത്തൻപുരയ്ക്കൽ, അസി. ഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ, ഫാ. ലാൽ പൈനുങ്കൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ഫാ. പ്രിൻസ് തുമ്പിയാംകുഴി, ബൈജു, ജോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**സംസ്ഥാനവിഹിതമായ 1 രൂപ കളക്ഷൻ നൽകിയ ശാഖകൾ**

മരുത, പട്ടാണിക്കൂപ്പ്, തരിയോട്, പ്രശാന്തഗിരി, വാളവയൽ, പൂളപ്പാടം, തൃശിലേരി, ചുണ്ടക്കര, കയ്യൂന്നി, കണിയാമ്പറ്റ.

**ഒറീസ സഹായനിധി**

ക്രൈസ്തവർക്ക് നേരെ ഒറീസയിലുണ്ടായ അക്രമത്തിൽ നാം പ്രതിഷേധിക്കുകയുണ്ടായല്ലോ. പ്രതിഷേധത്തിൽ മാത്രം ഒതുങ്ങിനിൽക്കേണ്ടതല്ല നമ്മുടെ സഹോദരസ്നേഹം. കഷ്ടതയിൽ അവരെ സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. അതുകൊണ്ട് ചെറുപുഷ്പ മിഷൻലീഗ് ദേശീയനേതൃത്വം ഓരോ ശാഖയും 100 രൂപ വീതം ഒറീസ സഹായനിധിയിലേക്ക് സംഭാവന നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. നവംബർ മുപ്പതിനു

മുമ്പായി ഒറീസ സഹായനിധിയിലേക്ക് ഓരോ ശാഖയും 100 രൂപ വീതം തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ തുക CML ദേശീയഘടകത്തിന് നൽകുകയും ദേശീയ സമിതി ഒറീസയിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതുമാണ്.

**മേഖലവാർത്തകൾ**

ഗൂഡല്ലൂർ : ശാഖാസന്ദർശനങ്ങൾ നടത്തി.

പുൽപ്പള്ളി : ഷാജി ചന്ദനപ്പറമ്പിൽ സാഹിത്യ ശില്പശാല നടത്തി.

കൽപ്പറ്റ : ശാഖാസന്ദർശനങ്ങൾ നടത്തി. ശാഖാഭാരവാഹികൾക്കായി മേഖലതലത്തിൽ ക്ലാസ്സുകൾ നൽകി. സെബാസ്റ്റ്യൻ മുണ്ടയ്ക്കാത്തടം നേതൃത്വം വഹിച്ചു.

കല്ലോടി : രൂപതഗാനമത്സരവും, അഖണ്ഡ ജപമാലയും നടത്തി. ജപമാലയ്ക്ക് ഓരോ ഇടവകയും നേതൃത്വം നൽകി.

**ശാഖാ വാർത്തകൾ**

മാർട്ടിൻനഗർ : നിർധനകുടുംബങ്ങൾക്ക് സഹായം നൽകി.

പനവല്ലി : ഭവനസന്ദർശനം നടത്തി.

ആറാട്ടുതറ : ടെലി ബൈബിൾക്വിസ് നടത്തുന്നു. സ്കിറ്റ് മത്സരം നടത്തി.

കാട്ടിക്കുളം : ഒറീസയിൽ ക്രൈസ്തവ പീഡനങ്ങൾക്കെതിരെയുള്ള ചിത്രങ്ങൾ ശേഖരിച്ച് ചുമർപത്രിക തയ്യാറാക്കി.

മുണ്ടേരി : മദർ തെരേസ ചാർട്ട് പ്രദർശിപ്പിച്ചു. ചോക്കാട് അഗതി മന്ദിരം സന്ദർശിച്ച് അവരോടൊപ്പം ചെലവഴിച്ചു.

കല്ലോടി : തിരുബാലസഖ്യം കുട്ടികൾക്കായി ധ്യാനം നടത്തി.

വെള്ളമുണ്ട : മിഷൻഗ്രാമത്തിന് കത്തെഴുതി.

വാളവയൽ : ഒറീസ അക്രമത്തിനെതിരെ മിഷൻലീഗ് അംഗങ്ങൾ പ്രധാനമന്ത്രിക്ക് നിവേദനം നൽകുവാൻ ഒപ്പുശേഖരണം നടത്തി.

ചുണ്ടക്കര : അർദ്ധദിനസെമിനാർ നടത്തി. ബാബു ചിറക്കാട് നേതൃത്വം നൽകി.

പ്രശാന്തഗിരി : ഉപവാസപ്രാർത്ഥനാദിനം ആചരിച്ചു. ആ തുക ഒറീസയ്ക്കു നൽകി.

പോരൂർ : തിരുബാലസഖ്യം കുട്ടികൾക്ക് ഗാനപരിശീലനം നൽകി. ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു.

മുതിരേരി : വചനവൃക്ഷം നിർമ്മിച്ചു, ദീപശിഖപ്രയാണം നടത്തി.
കുറ്റിമൂല : രോഗിസന്ദർശനം നടത്തി.
വാകേരി : കുടുംബനവീകരണത്തെക്കുറിച്ചുള്ള ടെലിഫിലിം പ്രദർശിപ്പിച്ചു.
ചുള്ളിയോട് : വചനപോസ്റ്റർ, ബൈബിൾ ക്വിസ് നടത്തി.
ബത്തേരി : പഴൂർ വൃദ്ധമന്ദിരം സന്ദർശിച്ച് അവർക്ക് ഭക്ഷണം നൽകി.
അമ്പായത്തോട് : ചുങ്കക്കുന്ന് കമില്ലസ് ഹോസ്പിറ്റലിൽ രോഗി സന്ദർശനം നടത്തി.
ഒറ്റപ്ലാവ് : ബൈബിൾക്വിസ് നടത്തി.
കേളകം : വസ്ത്രശേഖരണം നടത്തി.
കോട്ടത്തറ : ബൈബിൾക്വിസ് നടത്തി.
കൊട്ടിയൂർ : വസ്ത്രശേഖരണം നടത്തി.
കാവുംമന്ദം : ഒറീസയ്ക്കുവേണ്ടി അഖണ്ഡജപമാല നടത്തി.
പട്ടാണിക്കൂപ്പ് : നിർധന കുടുംബങ്ങൾക്ക് അരി നൽകി.
തോമാട്ടുചാൽ : സിനിമ പ്രദർശനം നടത്തി (ലഹരിവിരുദ്ധം)

**വചനോപാസന തുടരുന്നു**

വചനവർഷത്തിൽ രൂപതയിലെ മുഴുവൻ ശാഖകളെയും കോർത്തിണക്കി നടത്തുന്ന വചനോപാസന വളരെ ഭംഗിയായി നടത്തുന്നതിലുള്ള സന്തോഷം അറിയിക്കുന്നു. ഓരോ ശാഖയും തങ്ങൾക്ക് അനുവദിക്കപ്പെട്ട ദിനം മാർഗ്ഗരേഖയിൽനിന്ന് കണ്ടെത്തി പ്രവർത്തകരെ അറിയിക്കേണ്ടതാണ്.

**നവംബർമാസത്തിലെ വചനോപാസന നടത്തേണ്ട ശാഖകൾ**

നവംബർ 1 ശനി മുതൽ മണിമൂളി മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു.

നവംബർ 11 ചൊവ്വ മുതൽ നിലമ്പൂർ മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു.

**അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് നിങ്ങളുടെ ഇടവകയിൽ**

കേരളത്തിന്റെ ചെറുപുഷ്പം - വിശുദ്ധ അൽഫോൻസാമ്മ. ഭാരതത്തിന്റെ പ്രഥമവിശുദ്ധയുടെ കബറിടമായ ഭരണങ്ങാനത്തു

നിന്ന് കൊണ്ടുവന്ന തിരുശേഷിപ്പ് വണങ്ങാനും അനുഗ്രഹമാരി സ്വന്തമാക്കാനും ഓരോ ഇടവകകൾക്കും ചെറുപുഷ്പ മിഷൻലീഗ് അവസരം ഒരുക്കിയിരിക്കുന്നു. ഒരു ഇടവകയിൽ ഒരുദിനം എന്ന രീതിയിലാണ് പ്രയാണം ക്രമീകരിച്ചിരിക്കുന്നത്. വിശുദ്ധയുടെ തിരുശേഷിപ്പ് ഭക്ത്യാദരപൂർവ്വം സ്വീകരിക്കുകയും വണക്കത്തിനായി പ്രതിഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് മറ്റൊരു ഇടവകയിലേക്ക് ഇടവകജനമാണ് തിരുശേഷിപ്പ് എത്തിക്കേണ്ടത്. അതിനാവശ്യമായ ഒരുക്കങ്ങൾ നടത്താൻ ശ്രദ്ധിക്കുമല്ലോ. വിശുദ്ധയുടെ തിരുശേഷിപ്പ് വണങ്ങി അനുഗ്രഹപൂമഴ സ്വന്തമാക്കാം... ജീവിതത്തിന് ധന്യതയേകാം.

**പ്രയാണ വഴിത്താരയിൽ ഓരോ ശാഖയ്ക്കും അനുവദിക്കപ്പെട്ട ദിനം**

**2008 ഒക്ടോബർ** 12 പടമല, 13 ബാവലി, 14 കാട്ടിക്കുളം, 15 അപ്പപ്പാറ, 16 പനവല്ലി, 17 ഇടയൂർക്കുന്ന്, 18 തൃശ്ശിലേരി, 19 മാർട്ടിൻനഗർ, 20 ആറാട്ടുതറ, 21 കമ്മന, 22 പയ്യമ്പള്ളി, 23 മരകാവ്, 24 പുൽപ്പള്ളി ടൗൺചർച്ച്, 25 മുള്ളൻകൊല്ലി, 26 പട്ടാണിക്കൂപ്പ്, 27 മരക്കടവ്, 28 കബനിഗിരി, 29 പാടിച്ചിറ, 30 സീതാമൗണ്ട്, 31 ശശിമല.

**നവംബർ** 1 അമരക്കുനി, 2 ആടിക്കൊല്ലി, 3 ഇരുളം, 4 വടക്കനാട്, 5 കല്ലുമുക്ക്, 6 ബത്തേരി, 7 വാകേരി, 8 കരണി, 9 മീനങ്ങാടി, 10 അമ്പലവയൽ, 11 തോമാട്ടുചാൽ, 12 കടൽമാട്, 13 ചിത്രഗിരി, 14 കയ്യൂന്നി, 15 പനംചിറ,16 ചുള്ളിയോട്, 17 പഴൂർ, 18 കൽപ്ര, 19 കുന്നലാടി, 20 ബെക്കി, 21 മച്ചിക്കൊല്ലി, 22 മണ്ണുവയൽ, 23 വിമലഗിരി, 24 അരുൾനിലയം, 25 കുന്നൂർ, 26 ധർമ്മഗിരി, 27 മണിമൂളി, 28 മരുത, 29 നരിവാലമുണ്ട, 30 ഞാറപ്പാടം.

**ഡിസംബർ** 1 പാലാങ്കര, 2 പാലേമാട്, 3 തലഞ്ഞി, 4 പാതിരിപ്പാടം, 5 മുണ്ടേരി, 6 ഭൂദാനം, 7 പൂളപ്പാടം, 8 മുട്ടിയാൽ, 9 ഇടിവണ്ണ, 10 ചോക്കാട്, 11 തേൾപ്പാറ, 12 പൂക്കോട്ടുംപാടം, 13 വള്ളിക്കെട്ട്, 14 നിലമ്പൂർ, 15 റൂബിനഗർ, 16 ചാരിറ്റി, 17 വൈത്തിരി, 18 ഒലിവുമല, 19 റിപ്പൺ, 20 നെടുമ്പാല, 21 വാഴവറ്റ, 22 തെനേരി, 23 കൊളവയൽ, 24 എടപ്പെട്ടി, 26 കൽപ്പറ്റ, 27 പുഴമുടി, 28 കാവുംമന്ദം, 29 കോട്ടത്തറ, 30 തരിയോട്, 31 മഞ്ഞൂറ,

**2009 ജനുവരി** 1 ചെന്നലോട്, 2 മംഗളം, 3 പുതുശ്ശേരിക്കടവ്, 4 കുറുമ്പാല, 5 കുറുമണി, 6 വിളമ്പുകണ്ടം, 7 ചുണ്ടക്കര, 8 പറളിക്കുന്ന്, 9 അരിഞ്ചേർമല, 10 കണിയാമ്പറ്റ, 11 കേണിച്ചിറ, 12 വാളവയൽ, 13 നടവയൽ, 14 നെയ്ക്കുപ്പ, 15 കല്ലുവയൽ, 16 ചെറുകാട്ടൂർ, 17 മാനന്തവാടിടൗൺ, 18 തവിഞ്ഞാൽ, 19 കരിമാനി, 20 മുതിരേരി, 21 യവനാർകുളം, 22 പോരൂർ, 23 പ്രശാന്തഗിരി, 24 വലിയ കൊല്ലി, 25 വാളാട്, 26 ആലാറ്റിൽ, 27 പേര്യ, 28 ഏലപ്പീടിക, 29 വെള്ളൂന്നി 30 കേളകം, 31 അടയ്ക്കാത്തോട്.

**ഫെബ്രുവരി** 1 ശാന്തിഗിരി, 2 ചുങ്കക്കുന്ന്, 3 ഒറ്റപ്ലാവ്, 4 കൊട്ടിയൂർ, 5 നെല്ലിയോടി, 6 അമ്പായത്തോട്, 7 പാൽച്ചുരം, 8 ബോയ്സ്ടൗൺ, 9 പാറത്തോട്ടം, 10 പുതിയിടം, 11 തലപ്പുഴ, 12 കുറ്റിമൂല, 13 കത്തീഡ്രൽ, 14 തോണിച്ചാൽ, 15 ദീപ്തിഗിരി, 16 കല്ലോടി, 17 ജൂഡ്സ് മൗണ്ട്, 18 പുതുശ്ശേരി, 19 മക്കിയാട്, 20 നിരവിൽപ്പുഴ, 21 കുഞ്ഞോം, 22 കരിമ്പിൽ, 23 വഞ്ഞോട്, 24 മംഗലശ്ശേരി, 25 വെള്ളമുണ്ട, 26 മൊതക്കര, 27 പുതിയിടംകുന്ന്, 28 കൊമ്മയാട്.

**മാർച്ച്** 1 കാരയ്ക്കാമല, 2 ചുള്ളിയാന, 3 ദ്വാരക.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**
രൂപത സെക്രട്ടറി

## കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

2008 ഒക്ടോബർ 12 കേരളജനത പുളകം കൊണ്ട പുണ്യ ദിനം. കേരളത്തിലെ ലിസ്യുവായ ഭരണങ്ങാനത്ത് കേരളത്തിന്റെ ചെറുപുഷ്പമായ വി. അൽഫോൻസാമ്മയുടെ, വിശുദ്ധിയുടെ പൊൻപ്രഭ ചൊരിഞ്ഞ സൂര്യതേജസിന് പ്രണാമം! യുവമനസുകളിൽ സ്നേഹത്തിന്റേയും സഹനത്തിന്റെയും വിത്തുകൾ പാകി വിശുദ്ധിയുടെ പടവുകൾ താണ്ടിയ വി. അൽഫോൻസാമ്മയുടെ മുമ്പിൽ കേരള യുവജനത ശിരസ്സ് നമിക്കുന്നു. വെറും 35 വർഷവും 10 മാസവും 18 ദിവസവും മാത്രം ഈ ലോകത്തിൽ ജീവിച്ച്, ആരാലും അംഗീകരിക്കപ്പെടാതെ, അറിയപ്പെടാതെ, ജീവിതത്തിന്റെ സഹനനിമിഷങ്ങളിൽ യേശുവിന്റെ നൊമ്പരം ഹൃദയത്തിൽ സ്വന്തമാക്കി - സഹനപുത്രിയായി ജീവിച്ച്, വിശുദ്ധിയുടെ നെറുകയിലേയ്ക്ക് ആ പുണ്യവതി എത്തി നിന്നു... ഹൃദയ സ്നേഹത്തിന്റെ വെളിച്ചം നൽകി സഹനജീവിതത്തിന്റെ പൊൻപ്രഭയുമായി - ചുറ്റുപാടുകളെ പ്രകാശിപ്പിച്ച ഒരു സന്യാസിനി - വി. അൽഫോൻസാമ്മ! കേരളത്തിന്റെ പുണ്യവതി - ഭാരതത്തിന്റെ അഭിമാനമായി....

അതെ, കാലത്തിന്റെ ഒരു നിമിത്തമാണീ വിശുദ്ധിയുടെ പരിമളം. മതവിദ്വേഷത്തിന്റെ പൊടിപടലങ്ങൾ അന്തരീക്ഷത്തെ മലീമസമാക്കുമ്പോൾ സഭയുടെ വിശുദ്ധിയുടെയും ധാർമ്മികതയുടെയും അടിത്തറയ്ക്ക് വിള്ളൽ വരുത്തുവാൻ ചില വിധ്വംസക പ്രവർത്തകർ പരിശ്രമിക്കുമ്പോൾ, സന്യാസ ജീവിതത്തിന്റെ

നൈർമല്യത്തിനും വിശുദ്ധിയ്ക്കും കളങ്കം ചാർത്താൻ ചില പുഴു ക്കുത്തുകൾ ശ്രമിക്കുമ്പോൾ - സഭയുടെ കരുത്തും ശക്തിയുമായി ദൈവം ഉയർത്തിയതാണീ പുണ്യവതിയെ... യുവമനസ്സുകളെ, നമുക്ക് കരങ്ങൾ കൂപ്പാം... വിശുദ്ധിയുടെ നിറകുടമായ ഈ അമ്മ യുടെ മുമ്പിൽ സ്നേഹത്തിന്റേയും സഹനത്തിന്റേയും പാത പിന്തു ടരുവാൻ, സഭയുടെ ശക്തിയും കരുത്തുമായി ഒരു യുവപ്രവാഹം അലയടിക്കുവാൻ - സഹനകുസുമത്തിന്റെ വിശുദ്ധിയിൽ യുവമ നസ്സുകൾ ദീപ്തമാക്കാൻ -

സ്നേഹത്തോടെ,

**സണ്ണിയച്ചൻ**

**രൂപതാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് സംഗമം - എറണാകുളം**

സംസ്ഥാനത്തെ വിവിധ രൂപതകളിലെ ഡയറക്ടേഴ്സി ന്റെയും, ആനിമേറ്റേഴ്സിന്റെയും സമ്മേളനം 23, 24, തീയതികളി ലായി എറണാകുളം റിന്യൂവൽ സെന്ററിൽ കൂടി. രൂപതയിൽ നിന്ന് ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം, ആനിമേറ്റർ സി. മോളി SJL എന്നിവർ പങ്കെടുത്തു.

**ഡയറക്ടറച്ചന്റെ സന്ദർശനം**

*പുതിയിടംകുന്ന് :-* ഒക്ടോബർ 5 ഞായറാഴ്ച പുതിയിടം കുന്ന് യൂണിറ്റിലെ യുവജനസംഗമത്തിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

*വൈത്തിരി :-* ഒക്ടോബർ 7-ന് വൈത്തിരിയിൽ വച്ച് നടന്ന കൽപ്പറ്റ മേഖലാ ക്യാമ്പ് - ധർമ്മായൻ-08 ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

*വടുവഞ്ചാൽ :-* ഒക്ടോബർ 9-ന് വടുവഞ്ചാലിൽ വച്ച് നടന്ന ബത്തേരി മേഖലാ ക്യാമ്പ് ജ്വലനം - 08 ൽ പങ്കെടുത്ത് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

*ചിത്രഗിരി :-* ഒക്ടോബർ 12 ചിത്രഗിരി ഇടവക സന്ദർശി ക്കുകയും വി. അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപി ക്കപ്പെടുന്ന ചടങ്ങിൽ കാർമ്മികത്വം വഹിക്കുകയും ചെയ്തു.

കൂടാതെ കെ.സി.വൈ.എം. ബത്തേരി മേഖലയുടെ നേതൃത്വം പണിത് കൊടുത്ത ഭവനം ആശീർവദിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

**PEARL കലാമത്സരം 2008**

ഒക്ടോബർ 2-ന് ന്യൂമ ാൻസ് കോളേജിൽ വെച്ച് രൂപതാ പേൾ കലോത്സവം 2008 പ്രസിഡണ്ട് ജോജിൻ ടി. ജോയിയുടെ അദ്ധ്യക്ഷതയിൽ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ സിസ്റ്റർ മോളി SJL, ഷിബു പുതിയവീട്ടിൽ എന്നിവർ ആശംസ അർപ്പിച്ചു. നാല് സ്റ്റേജുകളിലായി നടന്ന കലാമത്സരത്തിന് 130 ഓളം മത്സരാർത്ഥി കൾ പങ്കെടുത്തു. തുടർച്ചയായി 14-ാം തവണയും നടവയൽ മേഖല കിരീടം നിലനിർത്തി. പയ്യമ്പള്ളി മേഖല 2-ാം സ്ഥാനവും മാനന്തവാടി മേഖല 3-ാം സ്ഥാനവും നേടി. സമാപന സമ്മേളന ത്തിൽ വൈസ് പ്രസിഡണ്ട് കുമാരി ലിറ്റി വെണ്ടർമ്യാലിൽ അദ്ധ്യ ക്ഷത വഹിച്ചു. സാഹിത്യമത്സര വിജയികൾക്കുള്ള സമ്മാനം ന്യൂമാൻസ് കോളേജ് വൈസ് പ്രിൻസിപ്പൽ ജോസ് കിഴക്കേടത്തും കലാമത്സരങ്ങളുടെ സമ്മാനദാനം ആനിമേറ്റർ സിസ്റ്റർ മോളി SJL ഉം ഓവറോൾ ചാമ്പ്യൻമാർക്കുള്ള ട്രോഫി ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടവും നിർവ്വഹിച്ചു. ഈ വർഷത്തെ കലാ പ്രതിഭയായി പയ്യംമ്പള്ളി മേഖലയിലെ ഫ്രാൻസീസ് വെളിയപ്പള്ളി അർഹനായി. രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ നേതൃത്വം നൽകി. കലാമത്സരം നടത്തുന്നതിനായി സ്ഥലസൗ കര്യങ്ങൾ ചെയ്തുതന്ന ന്യൂമാൻസ് കോളേജ് പ്രിൻസിപ്പൽ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേലിനും സ്റ്റാഫ് അംഗങ്ങൾക്കും കലാമത്സരങ്ങളുടെ വിജയത്തിനായി പ്രവർത്തിച്ച ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും മേഖല, യൂണിറ്റ് ഭാരവാഹികൾക്കും ജഡ്ജസിനും മത്സരാർത്ഥികൾക്കും രൂപതാ സമിതിയുടെ നന്ദി. നേതൃത്വം നൽകിയവർ - സണ്ണി ജോസ് ചാലിൽ, അനീഷ് ഓമ ക്കര, ഷംജിത്ത് ചേലക്കൽ, സജിൻജോസ് ചാലിൽ, ബിനോയി പാനികുളം, മാത്യു തറയിൽ, നിഷിത പുതിയകുന്നത്ത്, ഷിൽജോ പള്ളയ്ക്കൽ, ബിനു, ഷിന്റോ.

## PEARL 2008 മത്സരഫലങ്ങൾ

### 1. നോട്ടീസ്

| | | | | |
|---|---|---|---|---|
| I A | No. 133 | മനു തടത്തിൽ | വിളമ്പുകണ്ടം | നടവയൽ |
| II | No. 220 | ബിന്ദു കലയൻതാനത്ത് | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| III | No. 217 | അനൂപ് ഏറത്താടത്ത് | കൊട്ടിയൂർ | കൊട്ടിയൂർ |

### 2. പോസ്റ്റർ രചന

| | | | | |
|---|---|---|---|---|
| I A | No. 159 | ചിഞ്ചു കുന്നേൽ | കൽപ്പറ്റ | കൽപ്പറ്റ |
| II B | No. 163 | ജോമോൻ കൈതമറ്റം | തെനേരി | തെനേരി |
| III B | No. 196 | അരുൺ കുറിയിടത്ത് | തവിഞ്ഞാൽ | മാനന്തവാടി |

### 3. കഥാ രചന

| | | | | |
|---|---|---|---|---|
| I A | No. 176 | ഫ്രാൻസീസ് വെളിയപ്പള്ളി | തൃശ്ശിലേരി | പയ്യമ്പള്ളി |
| II A | No. 131 | ജോബിഷ കീരംപാറ | വിളമ്പുകണ്ടം | നടവയൽ |
| III B | No. 115 | സിനി പുതിയകുന്നേൽ | തോമാട്ടുചാൽ | ബത്തേരി |

### 4. കവിതാ രചന

| | | | | |
|---|---|---|---|---|
| I A | No. 176 | ഫ്രാൻസീസ് വെളിയപ്പള്ളി | തൃശ്ശിലേരി | പയ്യമ്പള്ളി |
| II A | No. 134 | ഷിജി മോനിപ്പള്ളിൽ | കല്ലുവയൽ | നടവയൽ |
| III B | No. 205 | ഗീതു വരിക്കമാക്കിൽ | പുൽപ്പള്ളി | പുൽപ്പള്ളി |

### 5. കാർട്ടൂൺ രചന

| | | | | |
|---|---|---|---|---|
| I A | No. 196 | അരുൺ കുറിയിടത്ത് | തവിഞ്ഞാൽ | മാനന്തവാടി |
| II A | No. 215 | ജനീഷ് കുരീക്കാട്ടിൽ | മരക്കടവ് | പുൽപ്പള്ളി |
| III B | No. 176 | ഫ്രാൻസീസ് വെളിയപ്പള്ളി | തൃശ്ശിലേരി | പയ്യംമ്പള്ളി |

### 6. മുദ്രാവാക്യം

| | | | | |
|---|---|---|---|---|
| I A | No. 136 | ബിജു പാറത്തോട്ടായിൽ | ചെറുകാട്ടൂർ | നടവയൽ |
| II B | No. 180 | നിക്സൺ കാഞ്ഞിരംപറമ്പിൽ | കമ്മന | പയ്യംമ്പള്ളി |
| III C | No. 199 | ഷിജു പുത്തൻകണ്ടം | പുതിയിടം | മാനന്തവാടി |
| III C | No. 153 | ലിയ ചിറമേൽ | വൈത്തിരി | കൽപ്പറ്റ |

### 7. കൊളാഷ്

| | | | | |
|---|---|---|---|---|
| I A | No. 202 | ജിൽസൺ ചാത്തംപടത്തിൽ | കണിയാരം | മാനന്തവാടി |
| II A | No. 163 | ജോമോൻ കൈതമറ്റം | തെനേരി | കൽപ്പറ്റ |
| III B | No. 138 | സനൂപ് തടത്തിൽ | വിളമ്പുകണ്ടം | നടവയൽ |

### 8. ഉപന്യാസം

| | | | | |
|---|---|---|---|---|
| I A | No. 129 | സെബാസ്റ്റ്യൻ പുരയ്ക്കൽ | കല്ലുവയൽ | നടവയൽ |
| II B | No. 130 | വിപിൻ മുതുപ്ലാക്കൽ | കേണിച്ചിറ | നടവയൽ |
| III C | No. 181 | ഫ്രോയിഡ് മാണിശ്ശേരി | കമ്മന | പയ്യമ്പള്ളി |

## 2008 കലാമത്സര വിജയികൾ

### 1. ഡിബേറ്റ്

| | | | |
|---|---|---|---|
| 1. ജെറീഷ് വാലുപറമ്പിൽ<br>ബിബിൻ കുത്തുകല്ലുങ്കൽ | I A | കൊട്ടിയൂർ | ചുങ്കക്കുന്ന് |
| 2. മനു ആര്യപ്പള്ളി<br>ജിബിൻ എളപ്പുപാറ | II B | പയ്യംപള്ളി | ആറാട്ടുതറ |
| 3. മനു തടത്തിൽ<br>മെർലിൻ കരിമാലിൽ | III B | കൽപ്പറ്റ | തെനേരി |

### 2. ക്വിസ്

| | | | |
|---|---|---|---|
| 1. സുനിൽ കുറ്റിയാനിക്കൽ<br>ലിവിൻ കാഞ്ഞിരക്കുഴി | I B | തരിയോട് | കുറുമ്പാല |
| 2. ജിബി അമ്പലത്തിങ്കൽ<br>റെറ്റി കച്ചിറമറ്റം | II B | പുൽപ്പള്ളി | പുൽപ്പള്ളി |
| 3. മനു തടത്തിൽ<br>മിഥുന മൂലശ്ശേരിയിൽ | III C | നടവയൽ | വിളമ്പുകണ്ടം |

### 3. പ്രസംഗം

| | | | |
|---|---|---|---|
| 1. സെബാസ്റ്റ്യൻ പുരയ്ക്കൽ | I A | നടവയൽ | കല്ലുവയൽ |
| 2. ജെറീഷ് പാലുപറമ്പിൽ | II B | കൊട്ടിയൂർ | ചുങ്കക്കുന്ന് |
| 3. ബിബിൻ കുത്തുകല്ലുങ്കൽ | III B | കൊട്ടിയൂർ | ചുങ്കക്കുന്ന് |

### 4. സംഗീതം M

| | | | |
|---|---|---|---|
| 1. ജോൺസൺ<br>കളപ്പുരതൊട്ടിയിൽ | I A | പുൽപ്പള്ളി | മരകാവ് |
| 2. റോയി കാച്ചപ്പള്ളിൽ | II A | നടവയൽ | കല്ലുവയൽ |
| 3. രഞ്ജിൻ പാലിത്തോട്ടം | III A | പുൽപ്പള്ളി | പുൽപ്പള്ളി |
| 3. ജിജിൻ അയ്യാനിക്കാട്ട് | III A | മാനന്തവാടി | തവിഞ്ഞാൽ |

### സംഗീതം F

| | | | |
|---|---|---|---|
| 1. ബിനീഷ മേലേടകത്ത് | I A | ബത്തേരി | ബത്തേരി |
| 2. ലിൻസി പാരിക്കലാത്ത് | II B | മാനന്തവാടി | തവിഞ്ഞാൽ |
| 3. രഞ്ജുഷ ചാരുവേലിൽ | III B | പുൽപ്പള്ളി | മരകാവ് |

### 5. മോണോആക്ട്

| | | | |
|---|---|---|---|
| 1. റിഞ്ചു മതാളിക്കുന്നേൽ | I A | മാനന്തവാടി | തവിഞ്ഞാൽ |
| 2. ഫ്രാൻസീസ് വെളിയപ്പള്ളി | II B | പയ്യമ്പള്ളി | തൃശ്ശിലേരി |
| 3. ജിന്റു കുളപ്പുറത്ത് | III B | ബത്തേരി | ബത്തേരി |

### 6. മിമിക്രി

| | | | |
|---|---|---|---|
| 1. അഡോൽഫിൻ മാനിമറ്റം | I A | കൽപ്പറ്റ | കൽപ്പറ്റ |

| | | | |
|---|---|---|---|
| 2. അനീഷ് കൈതാരത്ത് | II A | കൽപ്പറ്റ | ഒലിവുമല |
| 3. ജോബിൻ പീക്കുന്നേൽ | III B | പ്രശാന്തഗിരി | മാനന്തവാടി |
| 3. സജി പീക്കുന്നേൽ | III B | പ്രശാന്തഗിരി | മാനന്തവാടി |

**7. നാടോടിനൃത്തം** M

| | | | |
|---|---|---|---|
| 1. ഫ്രാൻസീസ് വെളിയപ്പള്ളി | I A | പയ്യമ്പള്ളി | തൃശിലേരി |
| 2. ഷിജു പുത്തൻകണ്ടം | II | മാനന്തവാടി | പുതിയിടം |

**നാടോടിനൃത്തം** F

| | | | |
|---|---|---|---|
| 1. ഗ്രിസിൽഡ മാനിമറ്റം | I A | കൽപ്പറ്റ | കൽപ്പറ്റ |
| 2. ദിവ്യ തെക്കേൽ | II A | പയ്യമ്പള്ളി | തൃശിലേരി |
| 2. നീനു നിരപ്പേൽ | II A | നടവയൽ | നടവയൽ |
| 3. അഖില ഉണ്ണിക്കുന്നേൽ | III A | നടവയൽ | നടവയൽ |

**8. പ്രച്ഛന്നവേഷം**

| | | | |
|---|---|---|---|
| 1. ജിന്റോ പന്തലാട്ടിൽ | I A | പുൽപ്പള്ളി | പുൽപ്പള്ളി |
| 1. ബിനീഷ് വാത്താച്ചിറ | I A | നടവയൽ | നടവയൽ |
| 2. അനിമോൾ കുമ്മണിത്തോട്ടം | II B | കൽപ്പറ്റ | കൽപ്പറ്റ |
| 3. വിപിൻ പനമട | III B | നടവയൽ | കേണിച്ചിറ |

**9. മാർഗ്ഗംകളി**

| | | | |
|---|---|---|---|
| 1. ബിന്ദു മാങ്കൂട്ടം & പാർട്ടി | I A | നടവയൽ | നടവയൽ |
| 2. ലിൻസി പാരിക്കലാത്ത് & പാർട്ടി | II B | പ്രശാന്തഗിരി | മാനന്തവാടി |
| 2. ടിന്റു നിരപ്പേൽ & പാർട്ടി | II B | കല്ലോടി | ചുള്ളിയാന |
| 3. രഞ്ജുഷ ചാരുവേലിൽ & പാർട്ടി | III | പുൽപ്പള്ളി | മരകാവ് |

**10. സമൂഹഗാനം**

| | | | |
|---|---|---|---|
| 1. ജിബിൻ പുന്നയ്ക്കൽ & പാർട്ടി | I A | പയ്യമ്പള്ളി | കമ്മന |
| 2. ബിന്ദു മാങ്കൂട്ടം & പാർട്ടി | II A | നടവയൽ | നടവയൽ |
| 3. ജോൺ കളപ്പുരതൊട്ടിയിൽ & പാർട്ടി | III A | പുൽപ്പള്ളി | മരകാവ് |

**11. കെ.സി.വൈ.എം. ആന്തം**

| | | | |
|---|---|---|---|
| 1. ഷിനു മടത്താശ്ശേരി & പാർട്ടി | I B | മാനന്തവാടി | പ്രശാന്തഗിരി |
| 2. നീനു തേനുമാക്കൽ & പാർട്ടി | II C | കൽപ്പറ്റ | കൽപ്പറ്റ |
| 2. ബിന്ദു മാക്കൂട്ടം & പാർട്ടി | III C | നടവയൽ | നടവയൽ |

**12. മൈം**

| | | | |
|---|---|---|---|
| 1. ജിൽജി പെരിയപുറത്ത് & ടീം | I B | മാനന്തവാടി | പ്രശാന്തഗിരി |

| | | | |
|---|---|---|---|
| 2. അഖിൽ കാഞ്ഞൂകാരൻ & പാർട്ടി | II C | പുൽപ്പള്ളി | പുൽപ്പള്ളി |
| 2. അജിത്ത് ചക്കാലക്കൽ & പാർട്ടി | II C | കൽപ്പറ്റ | തെനേരി |
| 2. റിൻസ് തൂപ്പുംകര & പാർട്ടി | III C | പയ്യമ്പള്ളി | കമ്മന |

**13. തെരുവുനാടകം**

| | | | |
|---|---|---|---|
| 1. അശ്വിൻ ആര്യപ്പള്ളി & പാർട്ടി | I A | പയ്യമ്പള്ളി | ആറാട്ടുതറ |
| 2. ജിൽജി പെരിയപുറത്ത് & പാർട്ടി | II A | മാനന്തവാടി | പ്രശാന്തഗിരി |
| 2. ജിന്റോ പന്തലാട്ടിൽ & പാർട്ടി | III B | പുൽപ്പള്ളി | |

**PEARL സാഹിത്യമത്സരം - 2008**

സെപ്തംബർ 21-ന് പേൾ സാഹിത്യമത്സരങ്ങൾ വിവിധ മേഖലാ കേന്ദ്രങ്ങളിൽ വെച്ച് നടന്നു. കൊട്ടിയൂർ മേഖല ചുങ്കക്കുന്നിലും മാനന്തവാടി, കല്ലോടി, പയ്യംപള്ളി മേഖലകൾ കണിയാരത്തു വെച്ചും, ബത്തേരി, ഗുഡല്ലൂർ മേഖലകൾ ബത്തേരിയിൽ വച്ചും കൽപ്പറ്റ മേഖല കൽപ്പറ്റയിൽ വെച്ചും നടവയൽ മേഖല നടവയലിൽ വെച്ചും നിലമ്പൂർ മേഖല നിലമ്പൂരിൽ വെച്ചും നടന്നു. രൂപതാ സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ നേതൃത്വം നൽകി. സാഹിത്യ മത്സരങ്ങൾ നടത്താൻ വേണ്ടുന്ന ക്രമീകരണങ്ങൾ ചെയ്തു തന്ന ഡയറക്ടേഴ്സിനും മേഖലാ ഭാരവാഹികൾക്കും നന്ദി.

**സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്**

ഒക്ടോബർ 1-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് യോഗങ്ങൾ ചേർന്നു.

**രൂപതാക്യാമ്പ്**

നവംബർ 7,8,9 തീയതികളിൽ നടവയലിൽ വെച്ച് രൂപതാ ക്യാമ്പ് നടക്കും. 7-ന് വൈകുന്നേരം 6 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് 9-ന് പത്തുമണിയോടുകൂടി സമാപിക്കുന്നതാണ്. ഓരോ യൂണിറ്റിൽ നിന്നും 5 പേരെ വീതം പങ്കെടുപ്പിക്കേണ്ടതാണ്. 75 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പങ്കെടുക്കുന്നവർ നേരത്തേ ഓഫീസിൽ വിവരം അറിയിക്കേണ്ടതാണ്. ദിശയിൽ പങ്കെടുത്ത എല്ലാവരും രൂപതാ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

**ഉത്സവ് - സംസ്ഥാന പേൾ കലോത്സവം, ഡിസംബർ 6,7,8 കാഞ്ഞിരപ്പിള്ളി**

രൂപതാ വിജയികളായവർക്ക് സംസ്ഥാനതല മത്സരം ഡിസംബർ 6,7,8 തീയതികളിൽ കാഞ്ഞിരപ്പിള്ളിയിൽവച്ച് നടത്തുന്നു. രൂപതാതല വിജയികൾ മത്സരത്തിനായി ഒരുങ്ങുമല്ലോ. ഡിസംബർ 5-ന് വൈകിട്ട് മത്സരാർത്ഥികൾക്ക് ദ്വാരകയിൽ വെച്ച് പരിശീലനം ഉണ്ടായിരിക്കും.

**ഉപന്യാസ മത്സരം**

വചനവർഷത്തോട് അനുബന്ധിച്ച് മാനന്തവാടി രൂപതയിൽ മുഴുവൻ യുവജനങ്ങൾക്കുമായി ഒരു ഉപന്യാസ മത്സരം കെ. സി. വൈ. എം. ഒരുക്കുന്നു. വിഷയം *'വചനാധിഷ്ഠിത യുവത്വം സാമൂഹിക നവോത്ഥാനത്തിന്'* വിജയികൾക്ക് ക്യാഷ് അവാർഡ് യഥാക്രമം 1001/-, 751/-, 501/- രൂപ ഡിസംബറിലെ രൂപതാ ബൈബിൾ കൺവെൻഷനിൽ വെച്ച് നൽകുന്നതായിരിക്കും. ലേഖനം 8 പേജിൽ കവിയരുത്. നവംബർ 30-ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. വിലാസം:- ഡയറക്ടർ, കെ.സി.വൈ.എം. ഓഫീസ് പാസ്റ്ററൽ സെന്റർ, ദ്വാരക, പി.ബി. നമ്പർ 42, മാനന്തവാടി 670645, ഫോൺ: 9447437209.

**യൂണിറ്റ് / മേഖല തെരഞ്ഞെടുപ്പുകൾ**

2009 പ്രവർത്തന വർഷത്തേക്കുള്ള യൂണിറ്റ്/മേഖല ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള സമയം അടുത്തു യൂണിറ്റ് തെരഞ്ഞെടുപ്പുകൾ നവംബർ 23-ന് മുൻമ്പായി പൂർത്തിയാക്കിയിരിക്കണം. മേഖലകളിൽ വാർഷികസെനറ്റ് ചേർന്ന് ഡിസംബർ 22-ന് മുൻപായി തിരഞ്ഞെടുപ്പ് പൂർത്തിയാക്കുകയും മേഖലാ ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ എത്തിക്കുകയും വേണം. മേഖല വാർഷിക സെനറ്റ് ചേരുന്ന സ്ഥലവും തീയതിയും, സമയവും മുൻകൂട്ടി ഓഫീസിൽ അറിയിക്കേണ്ടതാണ്.

**പ്രവർത്തക അവാർഡുകൾ**

ഈ വർഷത്തെ മികച്ച യൂണിറ്റ് / മേഖല പ്രവർത്തകർക്കും, യൂണിറ്റിനും മേഖലയ്ക്കുമുള്ള അവാർഡുകൽ നിശ്ചയിക്കുന്നതിനുള്ള സമയമായിരിക്കുന്നു. വ്യക്തവും കൃത്യവും സത്യസന്ധവുമായ പ്രവർത്തന റിപ്പോർട്ടുകൾ ഡിസംബർ 1-ന് മുൻമ്പായി

രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. അതാത് മേഖലകളിൽ നിന്നും യൂണിറ്റുകളിൽനിന്നും എത്തിയിരിക്കുന്ന പ്രവർത്തന റിപ്പോർട്ടുകൾ അവാർഡ് നിർണ്ണയത്തിന് ഒരു പ്രധാന ഘടകമായിരിക്കും.

**നാമഹേതുക തിരുനാൾ**

സെപ്റ്റംബർ 21-ന് നാമഹേതുക തിരുനാൾ ആചരിച്ച ബഹു. ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടത്തിന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ പേരിൽ തിരുനാൾ ആശംസകൾ സെക്രട്ടറിയേറ്റ് നൽകി. ഒപ്പം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, സി. എം. എൽ. ഡയറക്ടർ ഫാ. ടോമി പുത്തൻപുരയിൽ എന്നിവർക്കും തിരുനാൾ ആശംസകൾ നേർന്നു.

**യുവജന കൺവെൻഷൻ**

മാനന്തവാടി രൂപതയിലെ മുഴുവൻ യുവജനങ്ങളുടെയും കൺവെൻഷൻ ഈ വർഷം രൂപതാ ബൈബിൾ കൺവെൻഷനോട് അനുബന്ധിച്ച് നടത്തപ്പെടുകയാണ്. ഡിസംബർ 6 ശനിയാഴ്ച ബൈബിൾ കൺവെൻഷനോടൊപ്പം യുവജന കൺവെൻഷനും ഒരുമിച്ച് നടത്തപ്പെടുന്നു. രൂപതയിലെ എല്ലാ യൂണിറ്റുകളിൽ നിന്നും മുഴുവൻ യുവജനങ്ങളും ആ ദിനം കൺവെൻഷനിൽ പങ്കെടുക്കണം. അന്നേദിവസം ഉപന്യാസ വിജയികൾക്ക് ക്യാഷ് അവാർഡും നൽകുന്നതായിരിക്കും.

സ്നേഹാദരവോടെ,

**ഷിബു പുതിയവീട്ടിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സെപ്റ്റംബർ 27 മുതൽ 30 വരെ നടന്ന കോഴ്സിൽ 97 ഉം ഒക്ടോബർ 4 മുതൽ 8 വരെ നടന്ന കോഴ്സിൽ 85 പേരും പങ്കെടുത്തു. ആദ്യാവസാനം വരെ കോഴ്സിന്റെ വിജയത്തിനയി ക്ലാസുകളിലൂടെയും വി. കുർബ്ബാന യിലൂടെയും അനുരഞ്ജന ശുശ്രൂഷയിലൂടെയും മറ്റും സഹായിച്ച എല്ലാ വൈദികരെയും കുടുംബ പ്രേഷിതത്വ ടീമംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | |
|---|---|
| നവംബർ 7-10 | - ദ്വാരക പാസ്റ്ററൽ സെന്റർ |
| നവംബർ28-ഡിസം.1 | - ദ്വാരക പാസ്റ്ററൽ സെന്റർ |
| ഡിസംബർ 12-15 | - ദ്വാരക പാസ്റ്ററൽ സെന്റർ |
| ഡിസംബർ 19- 22 | - മണിമൂളി പാസ്റ്ററൽ സെന്റർ |

**കത്തോലിക്കാ മാതൃസംഘടന - മാനന്തവാടി മേഖല**

മാനന്തവാടി മേഖലയിലെ പോരൂർ ഇടവകയിൽ 26-ാം തീയതി മാതൃസംഘടനയുടെ നേതൃത്വത്തിൽ അമ്മമാർക്കുവേണ്ടി ക്ലാസ്സ് നടത്തി. രൂപതാ ടീം അംഗമായ ശ്രീ. അമ്പാട്ട് ജോണി സാറാണ് ക്ലാസ്സ് നയിച്ചത്. "കുടുംബത്തിൽ അമ്മമാരുടെ വിളിയും ദൗത്യവും" എന്നതായിരുന്നു വിഷയം. ഈ യോഗത്തിൽ 200 ഓളം അമ്മമാർ പങ്കെടുത്തു.

ബഹു. വികാരിയച്ചൻ ഫാ. തോമസ് മണക്കുന്നേൽ സാറിനും അമ്മമാർക്കും സ്വാഗതം ആശംസിച്ചു. ശാഖാ പ്രസി ഡണ്ട് ശ്രീമതി മോളി കരിമ്പനാക്കുഴി എല്ലാവർക്കും നന്ദിയർപ്പിച്ചു. തുടർന്ന് ദിവ്യബലിയും ഉണ്ടായിരുന്നു.

**ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

2008 ഒക്ടോബർ 12 - വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെ ബനഡിക്ട് 16-ാമൻ മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിച്ച ധന്യ നിമിഷം നമുക്കെല്ലാവർക്കും സന്തോഷത്തിന്റെയും അഭിമാന ത്തിന്റേതുമായിരുന്നുവല്ലോ. വിളിപ്പാടകലെ ഒരു വിശുദ്ധ!! വിസ്മ യമായിത്തോന്നും!! നമുക്കു മാതൃകയും മദ്ധ്യസ്ഥയുമായി വി. അൽഫോൻസാമ്മയെ തന്ന നല്ല ദൈവത്തിനു നന്ദി പറയാം.

ഒക്ടോബർ 4-ാം തീയതി ആദ്യശനി ഏകദിന കൺവെൻഷൻ വി. അൽഫോൻസാമ്മയുടെ ബഹുമാനാർത്ഥം ഏറ്റെടുത്തു നടത്തിയ മാനന്തവാടി പ്രൊവിൻസിലെ FCC സിസ്റ്റേഴ്സിനു നിറമനസ്സോടെ നന്ദി പറയുകയും ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**സോണൽ മീറ്റിംഗ് 3-10-08**

ഒരു ദിവസം നാഥനോടൊത്ത് ആയിരുന്ന് ശക്തീകരണവും വിശുദ്ധീകരണവും സാധിക്കുക എന്ന ലക്ഷ്യത്തോടെ 91 സിയോൻ ശുശ്രൂഷകർ ഒന്നിച്ചുകൂടി. ദിവ്യകാരുണ്യനാഥയായ പരിശുദ്ധ അമ്മയ്ക്ക് സീയോന്റെ എല്ലാ ശുശ്രൂഷകളെയും ശുശ്രൂഷകരെയും അവരുടെ കുടുംബാംഗങ്ങളെയും പ്രാർത്ഥനാ നിയോഗങ്ങളെയും സമർപ്പിച്ച് ജപമാല ശ്രീ. ജോണി കുന്നുംപുറം നയിച്ചു. തുടർന്ന് 10.45 -12 വരെ രൂപതയേയും അഭിവന്ദ്യ പിതാവിനെയും വൈദികരെയും സമർപ്പിതരെയും സിയോന്റെ എല്ലാ മിനിസ്റ്ററികളെയും തിരുമുമ്പിൽ അർപ്പിച്ച് ശ്രീ. ബേബി മൂത്തേടം ആരാധന നയിച്ചു.

12.15 ന് ബഹു.ബാബു പാറയിലച്ചൻ വി.ബലി സിയോൻ ശുശ്രൂഷകർക്കായി അർപ്പിച്ച് സന്ദേശം നൽകി. മനസ്സിൽ കുഞ്ഞുങ്ങളെപ്പോലെയും ചിന്തയിൽ പക്വമതികളെപ്പോലെയും ആകണം. നവീകരണത്തിന്റെ നവീകരണമാണ് ആവശ്യം. വരദാനങ്ങളിൽ കൂടുതൽ വളരുവാനായി പ്രാർത്ഥിക്കണം. പരസ്പരം പഴിചാരാതെയും കുറ്റം പറയാതെയും തോറ്റുകൊടുക്കുവാൻ തയ്യാറാകണം അച്ചൻ ആഹ്വാനം ചെയ്തു. വി. ബലിക്കുശേഷം ശുശ്രൂഷകർക്ക് നിർദ്ദേശങ്ങളും അറിയിപ്പുകളും നൽകി. മൂന്നു മാസക്കാലം ബഹു. പാറയിലച്ചന്റെ അഭാവത്തിൽ സിയോനെ നയിച്ച ബഹു. സെബാസ്റ്റ്യൻ പുത്തേൻ അച്ചന് സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി.

**ജാഗരണ പ്രാർത്ഥന**

6 PM -12 വരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥന നടത്തി. അനേകർ വന്നു പ്രാർത്ഥിച്ചു. ബഹു ജോർജ് മേമന അച്ചൻ വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി. 12 മണി വരെയുള്ള ആരാധന ബഹു പാറയിൽ അച്ചനും സിയോൻ ടീമും നയിച്ചു. അനുഗ്രഹത്തിന്റെ ഈ മണിക്കൂറുകളിൽ സൗഖ്യവും കൃപകളും സ്വീകരിച്ച ജനം ഹൃദയത്തിൽ നന്ദിയുടെ വികാരങ്ങളുമായി നിദ്രക്ക് അണഞ്ഞു.

**ആദ്യശനി - ഏകദിന കൺവെൻഷൻ**

ഇതു കർത്താവു നൽകിയ ദിവസമാണ്. നമുക്ക് ഇന്ന് സന്തോഷിച്ച് ഉല്ലസിക്കാം. ഈ ഹൃദയ വികാരവുമായി ശുശ്രൂഷകർ 6 a.m. ന് പരിശുദ്ധ അമ്മയുടെ സന്നിധിയിൽ ശുശ്രൂഷയ്ക്കുള്ള ശക്തിസംഭരണത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സിയോനു ചുറ്റും നടന്നുള്ള ഈ ജപമാലയർപ്പണത്തിലൂടെ പ്രാർത്ഥനയുടെ വലയം സൃഷ്ടിക്കുകയായിരുന്നു. ശുശ്രൂഷകർക്ക് വചനസന്ദേശം നൽകിയും വി.ജലം തളിച്ചും ബഹു. പാറയിൽ അച്ചൻ ഞങ്ങളെ വിശുദ്ധീകരിച്ചു.

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മ വിശുദ്ധ അൽഫോൻസയായി ഉയർത്തപ്പെടുന്നതിനുമുമ്പ് അമ്മയുടെ ചരിത്രവും ആദ്ധ്യാത്മികതയും ജീവിത വിശുദ്ധിയും മാനന്തവാടി രൂപതയിലെ-സിയോനിൽ വന്നു പ്രാർത്ഥിക്കുന്ന ദൈവജനത്തിന് പരിചയപ്പെടുത്തുക, വി. അൽഫോൻസാമ്മയോടുള്ള സ്നേഹവും ഭക്തിയും

വളർത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഇന്നത്തെ കൺവെൻഷൻ. സി. ജസിൻ ജോസ് FCC വി. അൽഫോൻസാമ്മ യുടെ ജീവിതം ആസ്പദമാക്കി വചനസന്ദേശം നൽകി. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് വി.ബലി അർപ്പിച്ചു. വി. അൽഫോൻസാമ്മയുടെ ജീവിത വിശുദ്ധിയും ആദ്ധ്യാത്മിക തയും തന്റെ പ്രഭാഷണത്തിലൂടെ വ്യക്തമാക്കി.

സിയോനിൽ വന്നു പ്രാർത്ഥിച്ച് ലഭിച്ച അനുഗ്രഹങ്ങൾ അനേകർ സാക്ഷ്യപ്പെടുത്തി. പതിവുപോലെ സൗഖ്യാരാധനയും ദിവ്യകാരുണ്യപ്രദക്ഷിണവും ഉണ്ടായിരുന്നു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി. വി. അൽഫോൻസാമ്മ യോടുള്ള പ്രാർത്ഥനയും FCC സിസ്റ്റേഴ്സ് ജനങ്ങൾക്ക് നൽകി. ഇന്നത്തെ കൺവെൻഷൻ സ്പോൺസർ ചെയ്തത് FCC മാനന്തവാടി പ്രോവിൻസ് ആണ്.

**രണ്ടാം ശനി - കപ്പിൾസ് കൂട്ടായ്മ**

ദമ്പതീ കൂട്ടായ്മയിൽ ധാരാളം പേർ പങ്കെടുത്തു. ജപമാല, ആരാധന, ക്ലാസ്, ഷെയറിംഗ്, വി.ബലി എല്ലാം പതിവുപോലെ നടത്തി. ഈ കൂട്ടായ്മയിലൂടെ നല്ല കുടുംബജീവിതം നയിക്കു വാൻ വേണ്ട ശക്തിയാർജ്ജിച്ച് ഭവനങ്ങളിലേക്ക് മടങ്ങി.

**മൂന്നാം വെള്ളി - സൗഖ്യദിനം**

കർത്താവ് നൽകുന്ന സൗഖ്യം പ്രതീക്ഷിച്ച് ധാരാളം ആളുകൾ കടന്നുവന്നു. ജപമാല, ആരാധന, കൗൺസലിംഗ്, വചന സന്ദേശം, വി. ബലി, സൗഖ്യപ്രാർത്ഥന എല്ലാം വഴി അനുഗ്രഹ ങ്ങൾ സ്വീകരിച്ച ജനം നന്ദി നിറഞ്ഞ ഹൃദയത്തോടെ തിരിച്ചു പോയി.

**കൗൺസിലിംഗ്**

ആദ്യശനി, മൂന്നാം വെള്ളി, മൂന്നാം ശനി, ധ്യാനങ്ങൾ ഈ ദിവസങ്ങളിൽ സിയോന്റെ കൗൺസിലേഴ്സ് കൗൺസിലിംഗ് ശുശ്രൂഷ നൽകി. അനേകം മക്കൾക്ക് മനഃശാന്തിയും സൗഖ്യവും ദൈവഹിതം അറിഞ്ഞ് ജീവിക്കുവാൻ കൃപയും നൽകി.

**ധ്യാനങ്ങൾ**

8-12 വരെയുള്ള ദിവസങ്ങളിൽ കോളേജ് കുട്ടികൾക്കായി നടത്തിയ ധ്യാനത്തിൽ 394 യുവജനങ്ങൾ പങ്കെടുത്തു.

ബഹു. പാറയിൽ അച്ചനും സിയോൻ ടീമും ധ്യാനം നയിച്ചു. ജീസസ് യൂത്തിലെ 30 പേർ ധ്യാനത്തിനുള്ള ഒരുക്കത്തിലും ശുശ്രൂഷയിലും വ്യാപൃതരായിരുന്നു.

**സിയോൻ നവംബർ മാസത്തിൽ**

| | | |
|---|---|---|
| ഒക്ടോബർ 31 | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| നവംബർ 1 | - | ആദ്യശനി ഏകദിന കൺവെൻഷൻ<br>ക്രിസ്റ്റീൻ ഏകദിന കൺവെൻഷൻ |
| നവംബർ 8 | - | യുവജന കൂട്ടായ്മ<br>ദമ്പതീ കൂട്ടായ്മ<br>കൗൺസിലിംഗ് ദിനം<br>സൗഖ്യദിനം,<br>രോഗികൾക്ക് കൗൺസിലിംഗ് |
| നവംബർ 21-26 | - | ആന്തരിക സൗഖ്യധ്യാനം<br>(താമസ സൗകര്യമില്ല) |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ സി.ആർ.സി. ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയ വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരേ,**

സകല വിശുദ്ധരുടെയും തിരുനാളാഘോഷത്തോടെ ആരംഭിക്കുന്ന നവംബർ മാസം പരേതരെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നതിനു നിശ്ചയിക്കപ്പെട്ടിരിക്കുന്ന മാസമാണല്ലോ. നമ്മുടെ കുടുംബങ്ങളിൽ നിന്നും ഇടവകയിൽ നിന്നും സമൂഹത്തിൽ നിന്നും പ്രത്യേകം വിൻസെൻഷ്യൻ പ്രവർത്തകരിൽ നിന്നും വേർപിരിഞ്ഞ സകലരേയും അനുസ്മരിച്ച് പ്രാർത്ഥിക്കാം. മരണത്തെപ്പറ്റിയുള്ള ചിന്ത മാതൃകാപരമായ വിൻസെൻഷ്യൻ ജീവിതത്തിലൂടെ നിത്യവിധിയാളന്റെ മുമ്പിൽ ന്യായവിധിക്കു നമ്മെ യോഗ്യരാക്കട്ടെ.

**സി.സി. ഓഡിറ്റ്**

ഒക്ടോബർ മാസത്തിൽ 13-ാം തീയതി കൊട്ടിയൂർ, 17-ാം തീയതി നടവയൽ, 22-ാം തീയതി ബത്തേരി, 25-ാം തീയതി ചുണ്ടക്കര എന്നീ എ. സികളിൽ ഓഡിറ്റു നടത്തി. റിക്കോർഡുകൾ, കണക്കുകൾ എന്നിവ പരിശോധിച്ച് പോരായ്മകൾ ചൂണ്ടിക്കാട്ടുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

നിലമ്പൂർ എ. സിയിൽ- നവംബർ 3, മണിമൂളിയിൽ - നവംബർ 3, ഗൂഡല്ലൂർ - നവംബർ 4 തീയതികളിൽ ഓഡിറ്റു നടത്താൻ തീരുമാനമായിട്ടുണ്ട്.

**നവംബറിൽ സി. സി. യോഗം**

12-ാം തീയതി രാവിലെ 10.30-ന് സി.സി ഓഫീസിൽ വച്ചു യോഗം ചേരുന്നതാണ്. എല്ലാ എ. സി. പ്രസിഡണ്ടുമാരും സി.സി.

ബോർഡംഗങ്ങളും യോഗത്തിൽ സംബന്ധിക്കുമല്ലോ. തക്കകാര ണത്താൽ വരാൻ പറ്റാത്ത പ്രസിഡണ്ടുമാർ പകരം ആളെ ചുമത ലപ്പെടുത്തി അയയ്ക്കേണ്ടതും വരാൻ പറ്റാത്ത ബോർഡംഗങ്ങൾ സി. സി. വൈസ്പ്രസിഡണ്ടിനേയോ പ്രസിഡണ്ടിനേയോ മുൻകൂട്ടി അറിയിക്കേണ്ടതാണ്. ആസ്ത്രേലിയൻ ടിന്നിംഗ് ഗ്രാന്റ്, റീച്ചനട്ട് ബുള്ളറ്റിൽ, നാഷണൽ കൗൺസിൽ വാർഷിക റിപ്പോർട്ട് എന്നിവ വിതരണത്തിനു തയ്യാറായിട്ടുണ്ട്. വിദ്യാജ്യോതി ഗ്രാന്റ്, T. T. S റിന്യുവൽ ഗ്രാന്റ് എന്നിവ കൂടി അപ്പോഴേയ്ക്കും കിട്ടാൻ സാധ്യതയുണ്ട്. എ.സി. പ്രസിഡണ്ടുമാർ രശീതു ബുക്ക്, 30-6-08, 30-9-08 എന്നീ ക്വാർട്ടറുകളുടെ എ. സി. ത്രൈമാസ റിപ്പോർട്ടുകൾ എന്നിവയും മറ്റു കുടിശിഖകളും കൊണ്ടുവരേണ്ടതാണ്.

ഈ ബുള്ളറ്റിൻ നവംബർ ആദ്യആഴ്ചയിൽ കിട്ടുമെന്നതി നാൽ, പ്രത്യേകം കത്തയയ്ക്കുന്നതല്ല.

സസ്നേഹം,

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ദശവാർഷിക സന്ദേശയാത്ര**

കെ. സി. ബി.സി മദ്യവിരുദ്ധസമിതിയുടെ ദശവാർഷിക സന്ദേശം പ്രചരിപ്പിച്ചുകൊണ്ടുള്ള വാഹന പ്രചരണജാഥ നവംബർ 29-ാം തീയതി വയനാട് ജില്ലയിൽ പ്രചരണം നടക്കും. രാവിലെ 8.30-ന് മാനന്തവാടി ഗാന്ധിപാർക്കിൽ ഉദ്ഘാടന സമ്മേളനം നടക്കും. ദ്വാരക, തരുവണ, പടിഞ്ഞാറത്തറ, കാവുംമന്ദം, കൽപ്പറ്റ, ചുണ്ട, മേപ്പാടി, വടുവൻചാൽ, അമ്പലവയൽ, മീനങ്ങാടി, ബത്തേരി, കേണിച്ചിറ, നടവയൽ എന്നിവിടങ്ങളിലൂടെ പ്രയാണം ചെയ്ത് പനമരത്ത് സമാപിക്കും.

**മോചന 2008 - കയ്യൂന്നി**

കയ്യൂന്നി എസ്. എച്ച്. ഹയർസെക്കണ്ടറി സ്കൂളിൽ മോചന 2008 നടത്തി. സ്ക്കൂൾ പ്രിൻസിപ്പാൾ റവ. ഫാ. ജോണി കല്ലുപുര ഉദ്ഘാടനം ചെയ്തു. രാവിലെ 9.30 മുതൽ 1.15 വരെ ഹൈസ്കൂൾ ഹയർസെക്കണ്ടറി വിഭാഗത്തിലും 1.45 മുതൽ 3.30 വരെ യു.പി വിഭാഗത്തിലും സെമിനാർ നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ, ആനിമേറ്റർ സി. ജോവിറ്റ എന്നിവർ നേതൃത്വം നൽകി.

**തവിഞ്ഞാൽ സെന്റ് മേരീസ് സൺഡേ സ്ക്കൂൾ**

തവിഞ്ഞാൽ സെന്റ് മേരീസ് സൺഡേസ്ക്കൂളിൽ ഒക്ടോബർ 19-ന് മോചന 2008 സംഘടിപ്പിച്ചു. രാവിലെ വിശുദ്ധ

ബലിക്ക് രൂപതാ ഡയറക്ടർ നേതൃത്വം നൽകി. സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്ക് രാവിലെ 11.30 മുതൽ 1.45 വരെ മോചന നടത്തി. മോചനയോടനുബന്ധിച്ച് ക്വിസ് മത്സരവും സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. തോമസ് കാട്ടുതുരുത്തി അച്ചന് പ്രത്യേകം നന്ദി.

**തവിഞ്ഞാൽ ടൗൺ**

ഒക്ടോബർ 19 ന് വൈകുന്നേരം 6 മണിമുതൽ മോചന സംഘടിപ്പിച്ചു. കെ. സി. വൈ. എം തവിഞ്ഞാൽ യൂണിറ്റിന്റെ നേതൃത്വത്തിലാണ് മോചന നടത്തിയത്. യൂണിറ്റ് ഭാരവാഹികളായ ബിനീഷ് കോട്ടായിൽ, പ്രിൻസ് അരീപ്ലാക്കൽ, റോബിൻ വള്ളിയാംതടത്തിൽ, റോബിൻ കള്ളികാട്ട്, ലിജോ എന്നിവർ നേതൃത്വം നൽകി. രൂപതാ ഡയറക്ടർ, പ്രസിഡണ്ട് എന്നിവർ നേതൃത്വം നൽകി.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

## സാമൂഹ്യ സേവനരംഗം (WSSS)

### SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ യോഗം

2008 ഒക്ടോബർ 10-ാം തീയതി SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ മീറ്റിംഗ് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. കറവപശു ധനസഹായ പദ്ധതിയുടെ രണ്ടാംഘട്ട അപേക്ഷ സോഷ്യൽവെൽഫയർ സൊസൈറ്റികളിൽ നിന്നും സ്വീകരിക്കുവാൻ തീരുമാനിച്ചു. സോഷ്യൽ വെൽഫയർ സൊസൈറ്റികളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഒന്നാം ഘട്ട കറവപ്പശു ധനസഹായ പദ്ധതിയുടെ വിനിയോഗത്തെക്കുറിച്ചും വിലയിരുത്തി. ക്രെഡിറ്റ് യൂണിയൻ പരിപാടി തെരഞ്ഞെടുത്ത സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ ആരംഭിക്കുവാനും തീരുമാനിച്ചു.

### വ്യവസായ സംരംഭകത്വ സെമിനാർ

മാനന്തവാടി താലൂക്ക് വ്യവസായ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 16-ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് വ്യവസായ സംരംഭകത്വ സെമിനാർ നടത്തി. 45 സംരംഭകർ പ്രസ്തുത സെമിനാറിൽ പങ്കെടുത്തു. അതിൽ 18 പേർ സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ നിന്നും പങ്കെടുത്തു. ഉല്പാദന സേവനപരമായ സംരംഭങ്ങളെക്കുറിച്ചും ഇലക്ട്രിസിറ്റി ബോർഡ്, ബാങ്ക് മേഖലകളിൽ നിന്നുള്ള സഹായ സഹകരണത്തെക്കുറിച്ചും വിവിധ സബ്സിഡികളെക്കുറിച്ചും വിശദീകരിച്ചു. താലൂക്ക് വ്യവസായ ഓഫീസർ ശ്രീ. രാജൻ പരിപാടികൾക്ക് നേതൃത്വം നൽകി.

### നീർത്തട വികസന പദ്ധതികൾ ആരംഭിക്കുന്നു

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും തൊണ്ടർ

നാട് ഗ്രാമപഞ്ചായത്തും സംയുക്തമായി NABARD ന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ 4 നീർത്തട വികസന പദ്ധതികൾ നടപ്പാക്കുന്നു. ഗ്രാമ പഞ്ചായത്തിലെ അയനിവയൽ, മട്ടിലയം, പൊർളോം, നെല്ലേരി എന്നീ നീർത്തടങ്ങളിലായി 2000 ഹെക്ടർ പ്രദേശത്താണ് വരുന്ന 5 വർഷക്കാലം വിവിധ വികസന പരിപാടികൾ നടപ്പാക്കുന്നത്. ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, ഉല്പാദനം ചെയ്യപ്പെടുന്നതിനുള്ള സംവിധാനങ്ങൾ, ഉപജീവനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവയ്ക്കാണ് NABARD സാമ്പത്തിക സഹായം അനുവദിച്ചിരിക്കുന്നത്. ഒരു ഹെക്ടറിന് ശരാശരി 10,000 രൂപ വരെ സഹായമായി ലഭ്യമാക്കും.

നൂറുശതമാനം തുകയും പദ്ധതി സഹായമായി NABARD-ൽ നിന്ന് ലഭ്യമാകും. നാടിന്റെ പൊതുവായ വികസനം സാധ്യമാകുന്ന പ്രവർത്തനങ്ങൾ ശ്രമദാനങ്ങളിലൂടെ നടപ്പാക്കികൊണ്ടാണ് പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഉറപ്പു വരുത്തുന്നത്. കരാറുകാരെ പൂർണ്ണമായും ഒഴിവാക്കികൊണ്ട് നീർത്തട കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കും പദ്ധതിയുടെ നടത്തിപ്പ്. നീർത്തട വികസന പരിപാടിയുടെ ഭാഗമായി നീർത്തടത്തിന്റെ സ്ഥാനനിർണ്ണയം, അടിസ്ഥാനവിവരശേഖരണം, പങ്കാളിത്ത പഠനം, പദ്ധതി രേഖ തയ്യാറാക്കി NABARD-ന് സമർപ്പിക്കൽ എന്നിവ പൂർത്തീകരിച്ചു.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട നീർത്തട ഗ്രാമസഭകൾ വിളിച്ചുചേർത്തു. നെല്ലേരി നീർത്തട വികസന ഗ്രാമസഭയും പൊർളോം നീർത്തട വികസനഗ്രാമസഭയും ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡണ്ട് പി. അപ്പുമാസ്റ്റർ ഉദ്ഘാടനം ചെയ്തു. മട്ടിലയം നീർത്തട ഗ്രാമസഭ ജില്ലാപഞ്ചായത്ത് മെമ്പർ എ. ജോണിയും അയനിവയൽ നീർത്തട ഗ്രാമസഭ ശ്രീ. കെ. സി. കുഞ്ഞിരാമൻ MLA-യും ഉദ്ഘാടനം ചെയ്തു. WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ മുഖ്യപ്രഭാഷണം നടത്തി. പ്രോഗ്രാം ഓഫീസർ ഒ. പി. അബ്രാഹം പദ്ധതി വിശദീകരണം നടത്തി. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, WSSS ജനറൽ കോർഡിനേറ്റർ പി. എ. ജോസ് എന്നിവർ സംസാരിച്ചു.

**ലീഗൽ എയ്ഡ് സെന്റർ**

ലീഗൽ എയ്ഡ് സെന്ററിന്റെ ആഭിമുഖ്യത്തിൽ മരകാവ്, പുതിയിടംകുന്ന്, വെള്ളമുണ്ട, അരിഞ്ചേർമല, തൊണ്ടർനാട്, നെല്ലേരി എന്നീ സ്ഥലങ്ങളിൽ നിയമബോധവത്ക്കരണ ക്ലാസ്സുകൾ നടന്നു.

വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ 7.10.08-ന് രാവിലെ 10 മണിക്ക് കമ്മ്യൂണിറ്റി ഹാളിൽ വച്ചുനടന്ന ഏകദിന സെമിനാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി അമ്മു ഉദ്ഘാടനം ചെയ്തു. ജില്ലാ മെമ്പർ ജെസ്സി ബാബു അദ്ധ്യക്ഷത വഹിച്ചു. വെള്ളമുണ്ട പഞ്ചായത്ത് പ്രസിഡണ്ട് പി.മൊയ്തീൻ, പഞ്ചായത്ത് സെക്രട്ടറി തുടങ്ങിയവർ ആശംസകളർപ്പിച്ചു. തുടർന്ന് അഡ്വ. എൽബി മാത്യു 'സ്ത്രീ പദവി - ഒരു പഠനം' എന്ന വിഷയം ആസ്പദമാക്കി, സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട നിയമങ്ങളെക്കുറിച്ച് വിശദമായി ക്ലാസ്സ് നൽകി. 'സ്ത്രീ പദവി - ഒരുപഠനം' എന്ന ഹാൻഡ് ബുക്കിന്റെ പ്രകാശനം ജില്ലാ പഞ്ചായത്ത് മെമ്പർ ജെസ്സി ബാബു നിർവ്വഹിച്ചു.

തൊണ്ടർനാട്ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീകളെ ഉൾപ്പെടുത്തി ഒരു സെമിനാർ നടത്തി. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡണ്ട് അപ്പുമാസ്റ്റർ സെമിനാർ ഉദ്ഘാടനം ചെയ്തു. സിവിൽ നിയമങ്ങളെകുറിച്ച് അഡ്വ.എൽബി മാത്യു ക്ലാസ്സ് അവതരിപ്പിച്ചു.

മരകാവ്, പുതിയിടംകുന്ന്, അരിഞ്ചേർമല, നെല്ലിയേരി എന്നീ സ്ഥലങ്ങളിൽ നടന്ന ബോധവൽക്കരണ ക്ലാസ്സിൽ സ്ത്രീ സംരക്ഷണ നിയമങ്ങൾ, ഗാർഹിക പീഡനനിരോധന നിയമം തുടങ്ങിയവ ചർച്ചാവിഷയങ്ങളായി. സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പ്രതിസന്ധികൾ അവരുടെ അവകാശങ്ങൾ തുടങ്ങിയവ സെമിനാറിൽ പങ്കെടുത്ത അംഗങ്ങൾ, അവരുടെ അനുഭവങ്ങളിലൂടെ പങ്കുവെച്ചു. വർദ്ധിച്ചുവരുന്ന ജനപങ്കാളിത്തം ഇത്തരം സെമിനാറുകളുടെ ആവശ്യകത വിളിച്ചോതുന്നതായിരുന്നു.

**റവ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ



# ജയിൽ മിനിസ്ട്രി

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ സെപ്റ്റംബർ മാസം 21-ാം തീയതി വൈത്തിരി സബ്ജയിൽ സന്ദർശിക്കുകയുണ്ടായി. അന്നേദിവസം പുഴമുടി വികാരി ബഹു. സജി ഇളയിടത്ത് അച്ചന്റെ നേതൃത്വത്തിലെത്തിയ ഇടവകാംഗങ്ങൾ തടവറമക്കൾക്കായി വിവിധ കലാപരിപാടികൾ നടത്തി. ഇടവകയിലെ മാതൃ സംഘാംഗങ്ങളും വിൻസെന്റ് ഡി പോൾ അംഗങ്ങളും കുട്ടികളും ചേർന്നൊരുക്കിയ പരിപാടികൾ ജയിലിലെ മക്കൾക്ക് ഏറെ ആശ്വാസം പകരുന്നതായിരുന്നു. കലാവിരുന്നിനിടയിൽ ബഹു. സജി അച്ചൻ നൽകിയ വചനസന്ദേശം ചിന്തോദ്ദീപകമായിരുന്നു.

ഒക്ടോബർ മാസത്തിലെ തടവറസന്ദർശനം നടത്തിയത് 19-ാം തീയതിയാണ്. കോടഞ്ചേരി ഇടവകയിൽ നിന്നും അസിസ്റ്റന്റ് വികാരി ബഹു. മാത്യു തടത്തിൽ അച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ കെ.സി.വൈ.എം അംഗങ്ങളാണ് ജയിലിൽ വിവിധ പരിപാടികൾ അവതരിപ്പിച്ചത്. ജയിൽ സന്ദർശനത്തിനായി ദിവസങ്ങൾക്കു മുമ്പേ ത്യാഗപൂർവ്വം ഒരുക്കങ്ങൾ നടത്തി വിവിധ ഇടവകയിൽ നിന്നും എത്തുന്ന സഹോദരങ്ങൾ ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ജയിൽ സന്ദർശനങ്ങൾ തടവറമക്കൾക്ക് ആശ്വാസം പകരുന്ന വിമോചനത്തിന്റെ സദ്വാർത്തയാണ്. രൂപതയിലെ തടവറ പ്രേഷിത പ്രവർത്തനങ്ങൾക്ക് ബഹു.ബിനു പൈനുങ്കൽ അച്ചൻ നേതൃത്വം നൽകി വരുന്നു.

**സി. അനിഷ SD**
സെക്രട്ടറി



# അറിയിപ്പുകൾ

**1. ജീവൻധാരാ സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ സെന്റർ (മാനസിക രോഗികളുടെ പുനരധിവാസകേന്ദ്രം)**

കാലഘട്ടത്തിന്റെ മാറ്റങ്ങൾക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് 1849 ഫ്രാൻസിലെ നീതർബ്രോൺ എന്ന സ്ഥലത്ത് മദർ അൽഫോൺസ് മേരിയാൽ സ്ഥാപിതമായ സഭയാണ് ദിവ്യരക്ഷകന്റെ സഹോദരിമാർ എന്ന സന്യാസസമൂഹം. ഫ്രഞ്ച് വിപ്ലവത്തിന്റേയും, വ്യവസായിക വിപ്ലവത്തിന്റേയും പരിണിത ഫലമായി അന്നത്തെ സാധാരണക്കാരുടെ സാമൂഹ്യവും, രാഷ്ട്രീയവും, സാമ്പത്തികവും, ആരോഗ്യവും, സാംസ്കാരികവും, മതപരവുമായ മേഖലകളിൽ വളരെയേറെ അധ:പതനം സംഭവിച്ചു. ഈ അവസരത്തിൽ സിസ്റ്റേഴ്സിന്റെ നിസ്വാർത്ഥ സേവനം എല്ലാ മേഖലകളിലും പ്രകടമായിരുന്നു. ഇത് മനസ്സിലാക്കിയ ഗവൺമെന്റ് പാവപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായി സഹോദരിമാരുടെ സേവനം ആവശ്യപ്പെട്ടു. അങ്ങനെ പല രാജ്യങ്ങളിലും സഹോദരിമാർ സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുന്നു. ഉദാ : ഫ്രാൻസ്, ജർമ്മനി, പോർച്ചുഗൽ, പോളണ്ട്, ഓസ്ട്രിയ, ബൊളീവിയ, അർജന്റീന, കാമറൂൺ, അംഗളോ ഇന്ത്യ.

1962-1968 വരെ നമ്മുടെ കൊച്ചു കേരളത്തിൽ നിന്നും ദൈവവിളി ഈ സഭയിലേയ്ക്ക് അലയടിച്ചുകൊണ്ടിരുന്നു. വിദേശ പരിശീലനത്തിനു ശേഷം 1972-ൽ സഹോദരിമാർ ഇന്ത്യയിൽ തിരിച്ചുവരികയും തമിഴ്നാട്ടിലെ കുഗ്രാമമായ മഞ്ചാലംമൂട്ടിൽ സഭയുടെ വേരൂന്നുകയും ചെയ്തു. ഇപ്പോൾ ഞങ്ങളുടെ പ്രവർത്തന മേഖലകൾ തമിഴ്നാട്, കർണ്ണാടക, കേരളം, വെസ്റ്റ്ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ 20 സന്യാസ ഭവനങ്ങ

ളിലായി സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്നവർക്കും, സമൂഹത്താൽ പുറന്തള്ളപ്പെട്ടവരുടെ ഇടയിലും സ്വന്തമായി സ്ഥാപനങ്ങൾ ഒന്നും ഇല്ലാതെ സേവനം തുടരുന്നു.

മാനന്തവാടി രൂപതയിൽ റൈറ്റ് റവ. ഡോ. ഇമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ അനുവാദത്തോടുകൂടി 2003-ൽ പെരുവക എന്ന സ്ഥലത്ത് ഒരു സന്യാസഭവനം തുടങ്ങി. പല പഠനങ്ങളും നടത്തിയതിന്റെ അടിസ്ഥാനത്തിൽ 7,80,000/- ജനസംഖ്യയുള്ള വയനാട് ജില്ലയിൽ 6000 പേരോളം പലവിധത്തിൽ മാനസികമായി അസ്വസ്ഥതകളുള്ളവരാണെന്ന് മനസ്സിലാക്കുകയും, അങ്ങനെ മാനസിക രോഗികൾക്കുവേണ്ടി ഒരു പുനരധിവാസകേന്ദ്രം തുടങ്ങുവാൻ ആലോചിക്കുകയും ചെയ്തു. ബിഷപ് റൈറ്റ് റവ. ഡോ. ജോസ് പൊരുന്നേടം പിതാവിന്റെ അനുവാദം ലഭിക്കുകയും ചെയ്തു. യോഗ്യതയും, അനുഭവസമ്പത്തുമുള്ള സഹോദരിമാരുടെ മേൽനോട്ടവും, ശുശ്രൂഷയും ലഭ്യമാക്കുകയും, ആധുനിക സൗകര്യങ്ങളോടുകൂടിയ പുനരധിവാസ കേന്ദ്രം 2008 ഒക്ടോബറിൽ പ്രവർത്തനമാരംഭിച്ചു എന്ന വിവരം നിങ്ങളെ സ്നേഹത്തോടെ അറിയിക്കുകയും, സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

**പ്രവേശന മാനദണ്ഡങ്ങൾ**

- 18-നും, 55-നും മദ്ധ്യേ പ്രായമുള്ള മനോരോഗികളായ സ്ത്രീകൾ മാത്രം.
- ചികിൽസിച്ചിരുന്ന ഡോക്ടറുടെ സാക്ഷ്യപത്രം
- രോഗിയെപ്പറ്റി ജീവൻധാരാ ഭാരവാഹികളുടെ അനുകൂല വിലയിരുത്തൽ
- രോഗിയുടെ കുടുംബത്തിന്റെ കൂട്ടായ്മയും, സാമ്പത്തിക സഹകരണവും (ഒരു മാസത്തെ ഫീസ് 3000/- രൂപ, മുഴുവൻ അടയ്ക്കാൻ കഴിവില്ലാത്തവർക്ക് കുറച്ച് ഇളവു നൽകുന്നതായിരിക്കും)

***Contact Person :***

**The Administrator,**
**Jeevan Dhara Psycho Social Rehabilitation Centre, Peruvaka,**
**Arattuthara P. O., Mananthavady, Wayanad Dist., 670 645**
**Phone : 04935-245727**

## 2) LORETTO HOUSE, OOTY

പള്ളികൾ, സ്ക്കൂളുകൾ, ഭക്തസംഘടനകൾ എന്നിവയുടെ നേതൃത്വത്തിലും അല്ലാതെയും ഊട്ടിയിലേക്ക് വിനോദയാത്രയ്ക്ക് വരുന്നവർക്കായി മിതമായ നിരക്കിൽ താമസ സൗകര്യങ്ങളും, ടോയ്‌ലറ്റ് ബാത്ത് റൂം സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു. മാനന്തവാടി രൂപത വക സ്ഥാപനത്തിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ ബഹു. അച്ചന്മാർ താൽപര്യം കാണിക്കുമല്ലോ. ദയവായി മുൻകൂട്ടി ബുക്ക് ചെയ്യുക. ബന്ധപ്പെടേണ്ട നമ്പർ :

| | |
|---|---|
| ഫാ. തോമസ് മണ്ണൂർ | – 09443553827, 09745130058 |
| ഫാ. തോമസ് മൂലയിൽ | – 09486 903887 |
| ശ്രീ. തോമസ് | – 09443091687 |

## 3) GOOD SHEPHERED BOOKS
## (Good Shephered Major Seminary, Kunnoth)

### 1) Strucutre and Theology of Second Isaiah (Is 40-53)

**വില 200/- Pp. 252**

യഹൂദ ജനതയുടെ ചരിത്രത്തിലെ വേദനാജനകവും പ്രശ്നസങ്കീർണ്ണവുമായ ഒരു കാലഘട്ടമായിരുന്നു ബാബിലോൺ പ്രവാസകാലം. കാരണം ദൈവം വാഗ്ദാനം ചെയ്ത് നിത്യാവകാശമായി അവർക്കു നൽകിയ ഭൂമി നഷ്ടപ്പെടുകയും നിത്യം നിലനിൽക്കുമെന്നു കരുതിയിരുന്ന രാജ്യം മറ്റൊരു ജനതയ്ക്കു കീഴ്പ്പെടുകയും ചെയ്തു. ഈ വിശ്വാസപ്രതിസന്ധി തങ്ങളുടെ പാപത്തിന്റെ ഫലമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ ചരിത്രത്തിന്റെ ഏടുകളിലേക്കു തിരിഞ്ഞുനോക്കാൻ അവർ നിർബന്ധിക്കപ്പെട്ടു. ഈ ചരിത്രാവലേകനം അവരെ തങ്ങളുടെ മഹത്തായ പൈതൃകവും അതുല്യമായ ആത്മീയസമ്പത്തും ഗ്രന്ഥരൂപത്തിലാക്കാൻ പ്രേരിപ്പിച്ചു. തത്ഫലമായി, പഴയനിയമത്തിന്റെ പല ഭാഗങ്ങളും ഇന്നത്തെ രൂപത്തിൽ രചിക്കപ്പെട്ടത് ആ കാലയളവിലാണ്. ഈ സംരംഭത്തിന് ചുക്കാൻ പിടിച്ചവരിൽ പ്രധാനിയായിരുന്നു രണ്ടാം ഏശയ്യ എന്നറിയപ്പെടുന്ന പ്രവാസകാലപ്രവാചകൻ. വിശ്വാസം പൂർണ്ണമായി നഷ്ടപ്പെട്ടുപോകാമായിരുന്ന ആ കാലഘട്ടത്തിൽ,

യഹൂദമതത്തിന്റെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെട്ടപ്പോൾ, അദ്ദേഹത്തിന്റെ അഗാധമായ ദൈവവിശ്വാസത്തിൽനിന്നും ദൈവത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകളിൽനിന്നും നിർഗ്ഗളിച്ച വാക്കുകളാണ് ആ ദുരന്തപതനത്തിൽ നിന്നും യാക്കോബിന്റെ മക്കളെ കൈപിടിച്ചുയർത്തിയത്.

പ്രചോദനാത്മകമായ ഭാഷയിൽ രചിക്കപ്പെട്ട അദ്ദേഹത്തിന്റെ ഗ്രന്ഥത്തെ ശാസ്ത്രീയമായി അപഗ്രഥിച്ചുകൊണ്ട് രണ്ടാം ഏശയ്യായുടെ സന്ദേശത്തിന്റെ വൈശിഷ്ട്യവും ദൈവശാസ്ത്രവും വിശദീകരിക്കുന്ന ഗ്രന്ഥമാണ്.

Structure and Theology of Second Isaiah (ഏശയ്യായുടെ രണ്ടാം പുസ്തകത്തിന്റെ ഘടനയും ദൈവശാസ്ത്രവും)

ഏശയ്യായുടെ ചിന്താധാരകളെ ക്രമാനുഗതമായി അവതരിപ്പിച്ച് വിശകലനം ചെയ്യുകയാണ് ഈ ഗ്രന്ഥത്തിലൂടെ, യഹൂദമത ചരിത്രത്തിൽ രണ്ടാം ഏശയ്യായുടെ പ്രാധാന്യം എത്രമാത്രം ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുന്ന ഈ ഗ്രന്ഥം ഉള്ളടക്കത്തിലും നിർമ്മാണത്തിലും മേന്മ പുലർത്തുന്നു.

*2) പൗരോഹിത്യം : പൊരുളും പ്രസക്തിയും*

ഈശോ പൗരോഹിത്യം സ്ഥാപിച്ചിരുന്നോ........?

പൗരോഹിത്യ ശ്രേണികൾ സഭയിൽ ആവശ്യമോ........?

പുരോഹിതൻ ബലിയർപ്പകൻ മാത്രമോ.......?

എന്തുകൊണ്ട് സഭയിൽ സ്ത്രീകൾക്ക് പൗരോഹിത്യം നിഷേധിക്കുന്നു.........?

കത്തോലിക്കാ പുരോഹിതന് ബ്രഹ്മചര്യം അനിവാര്യമോ........?

പൗരോഹിത്യം ഈ കാലഘട്ടത്തിൽ പ്രസക്തമോ.......?

പഴയ നിയമ പൗരോഹിത്യം, കൗദാശിക വളർച്ച, പുരോഹിത വസ്ത്രം, പൗരോഹിത്യ ആദ്ധ്യാത്മികത, ധർമ്മങ്ങൾ, പരിശീലനം, സന്യാസം തുടങ്ങിയ വിഷയങ്ങളുടെ സമഗ്ര പഠനങ്ങൾ.......

പുരോഹിതർക്കും, പൗരോഹിത്യം കാംഷിക്കുന്നവർക്കും, പൗരോഹിത്യത്തിന്റെ പൊരുളറിയാൻ ആഗ്രഹിക്കുന്നവർക്കും ഒരുത്തമ സഹായക ഗ്രന്ഥം......

വി. ഗ്രന്ഥം, സഭാപിതാക്കന്മാരുടെ ചിന്തകൾ, സഭാ പഠനങ്ങൾ.. തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ട 200-ൽ പരം പേജുകളുള്ള ഒരു ആധികാരിക ഗ്രന്ഥം.. ഗുഡ്ഷെപ്പേർഡ് ബുക്ക്സ് ഉടൻ പ്രസിദ്ധീകരിക്കുന്നു.
വില 100/- രൂപ, പ്രി പബ്ളിക്കേഷൻ : 65 രൂപ
(2008 നവംബർ 15 വരെ)

**ഈ രണ്ട് പ്രസിദ്ധീകരണങ്ങളുടെയും കോപ്പികൾക്ക്:**

Good Shepherd Books
Good Shepherd Major Seminary
Kunnoth, Kiliyanthara, Pin- 670706
Phone: 0490 2491095,
Fax:0490 2494849
E-mail: tharekadavil @ gmail.com
Website: www.majorseminary.org.

**4) വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

മുൻവർഷങ്ങളിലെപ്പോലെ കെ.എം.സി.എ സിൽവർ ജൂബിലി ട്രസ്റ്റ് ഈ വർഷവും സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കത്തോലിക്കാ സമുദായത്തിൽപ്പെട്ട 175 വിദ്യാർത്ഥികൾക്ക് 4000 രൂപാ വീതം വിദ്യാഭ്യാസ സ്കേളർഷിപ്പ് നൽകുന്നതാണ്. അപേക്ഷകർ 2008 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപറയുന്ന പ്രകാരം കണക്ക് കൂട്ടുമ്പോൾ കുറഞ്ഞത് 85% മാർക്ക് ഉള്ളവർ ആയിരിക്കണം. (A+ = 90 Marks, A = 80 Marks, B+ = 70 Marks, B = 60 Marks, C+ = 50 Marks, C = 40 Marks) എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലിഫോൺ നമ്പർ, രക്ഷകർത്താവിന്റെ പേര്, ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യപത്രവും 10-ാം ക്ലാസ്സ്

പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോ കോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2008 ഡിസംബർ 20-ാം തീയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ടതാണ്.

അയയ്ക്കേണ്ട വിലാസം:

Babu Abraham
President, K.M.C.A. Silver Jubilee Trust
Mariam Complex, Pathanamthitta - 689 645

**5) അൽഫോൻസാമ്മ നാടകം**

പാലാകമ്മ്യൂണിക്കേഷൻസ് അൽഫോൻസാമ്മ എന്ന നാടകം 2008 നവംബർ 7 മുതൽ പുതിയതായി രംഗത്ത് അവതരിപ്പിക്കുന്നു.

അന്വേഷണങ്ങൾക്ക് :- പാലാ കമ്മ്യൂണിക്കേഷൻസ്
ഷാലോം പാസ്റ്ററൽ സെന്റർ
പാലാ -686 575,
ഫോൺ: 04822-210812, 201039,
Website: www.palacommunications.org,
E-mail:palacommunications@yahoo.com.




# *Programme*

## Pastoral Centre, Dwaraka

### *November - 2008*

| | |
|---|---|
| *01* | *Zion CRC Prayer Day, Christeen Prayer Day* |
| *03* | *Postulants' Course - Inauguration* |
| *3-27* | *Postulants' Course* |
| *07-10* | *Marriage Preparation Course* |
| *08* | *Jesus Youth Prayer day* |
| | *Couples Prayer day* |
| *15* | *CML : Angels' Meet* |
| | *Monthly Recollection for Postulants* |
| *21* | *CRC Intercessory Prayer day* |
| *21-26* | *Zion CRC Retreat* |
| *24-27* | *Young Priests' Seminar* |
| *27* | *Postulants' Course - Closing* |
| *28 Dec. 1* | *Marriage Preparation Course* |

**Rev. Fr. Mathew Madapallikunnel**
Director, Pastoral Centre



# Bishop's Programme

## 2008 November

| | | |
|---|---|---|
| 1 Sat | Morning | Bathery: Vestition and Profession: MSMI Novices |
| | Afternoon | Moolankavu: Blessing of Church |
| 2 Sun | Morning | Engaged |
| | Afternoon | 3.00 p.m. Vengalodi : Blessing of Chapel<br>4.00 p.m. Adackathode : Jubilee of the parish |
| 3 Mon | .............. | 11.30 a.m.: Dwaraka : Inauguration of Postuloants' Course |
| | Afternoon | Visitors' day |
| 4 Tue | Morning | Engaged |
| | Afternoon | Kalpetta: Jubilee of Vincentian Convent |
| 5 Wed | ............. | Visitors' day |
| 6 Thu 8 Fri | ..... | Mount St. Thomas |
| 9 Sat | ................ | Bharananganam: Celebration in connection with the canonization of St. Alphonsa |
| 10 Mon | ............. | Back to Mananthavady |
| 11 Tue | .............. | Good Shepherd Major Seminary, Kunnoth |

| | |
|---|---|
| 12 Wed 18 Tue ..... | Delhi |
| 19 Wed ............ | Deepthi Bhavan Mananthavady: Celebration in connection with the canonization of St. Alphonsa |
| 20 Thu Morning | Mount Mary College: benefactors' day |
| 21 Fri .............. | Out of Station |
| 22 Sat .......... | Dwaraka: Centenary celebration of SABS |
| 23 Sun ......... | Karani: Blessing of Sunday School Hall |
| 24 Mon 27 Thu ...... | Junior priests' Seminar |

(24 Mon. Evening - 25 Tues. Evening : Mount St. Thomas)

| | |
|---|---|
| 28 Fri .......... | Out of station |
| 29 Sat .......... | To Manimooly |
| 30 Sun ......... | Narivalamunda: Pastoral Visit |

## 2008 December

| | |
|---|---|
| 1 Mon. ............ | Visitors' day |
| 2 Tue .............. | Engaged |
| 3 Wed ............. | Visitors' day |
| 4 Thu 6 Sat ..... | Dwaraka: Bible Convention |
| 6 Sat Afternoon | Kalpetta : Anniversary of De Paul School |
| 7 Sun 12 Fri ... | Ernakulam : KCBC |
| 14 Sun ............. | Pastoral Visit : Olivumala |
| 15 Mon ............. | Visitors' day |
| 16 Tue .............. | Engaged |
| 17 Wed Morning | Engaged |
| Afternoon | Visitors' day |

| | |
|---|---|
| *18 Thu 19 Fri ...* | *Palai* |
| *20 Sat ................* | *Engaged* |
| *21 Sun .............* | *Arulnilayam : Ecumenical Christmas* |
| *23 Tue .............* | *Engaged* |
| *24 Wed ............* | *Out of Station* |
| *25 Thu ............* | *Christmas* |
| *26 Fri ..............* | *Out of Station* |
| *27 Sat ..............* | *Poothampara : Ordination of Deacon Vipin Elikode CST* |
| *28 Sun .............* | *S. Bathery : Blessing of Presbytery* |
| *29 Mon morning* | *Kottoor : Ordination of Deacon Roinson Panachickal O.praem* |
| *Afternoon* | *Marakavu : Ordination of Deacon Kuriakose Menampadath VC* |
| *30 Tue .............* | *Nelliodi : Ordination of Deacon Xavier Ailookaran O. Praem* |
| *31 Wed ............* | *Vazhavatta : Ordination of Deacon Binoy Choodiyankal SJ* |